# പ്രതീക്ഷയുടെ പൂമൊട്ടുകൾ

ശ്ലീഹാ-കൈത്താ ലക്കം 2012




പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്



## വിശുദ്ധിയുടെ മാതൃകയായ
## മറിയത്തിന്റെ വിമലഹൃദയമേ
## വിശുദ്ധരാകാമെന്ന പ്രത്യാശ
## ഞങ്ങൾക്ക് നല്കണമേ


ഓ മറിയമേ, ഞങ്ങളുടെ അമ്മേ, അപ്പ
സ്തോലന്മാരുടെ ഹൃദയങ്ങൾ വിശുദ്ധീ
കരിക്കുന്ന അരൂപിയെ അവർ കാത്തി
രുന്നപ്പോൾ അവർക്കുവേണ്ടി വിശുദ്ധി
യാകുന്ന ദാനം യാചിച്ച് നൽകിയ
അമ്മേ, ഞങ്ങൾക്കും വിശുദ്ധീകരി
ക്കുന്ന അരൂപിയെ നൽകേണമേ.

പരിശുദ്ധനായ പിതാവിനാൽ വിശുദ്ധ
രുടെ രാജ്ഞിയായി മുടിധരിപ്പിക്കപ്പെട്ട
വളേ, ഞങ്ങളെ വിശുദ്ധരാക്കി മാറ്റുന്ന
തിനുള്ള മാദ്ധ്യസ്ഥ്യം സ്വർഗ്ഗത്തിൽ
ഇന്നും തുടരുന്നുവല്ലോ!

പരി. അമ്മേ, ഞങ്ങളുടെ അമ്മേ, വിശു
ദ്ധരല്ലാത്ത ഞങ്ങൾ നിന്നെ വിളിച്ചപേ
ക്ഷിക്കുന്നു

വിശുദ്ധരാകാമെന്നുള്ള പ്രത്യാശ
ഞങ്ങൾക്കും നൽകണമേ, ആമ്മേൻ.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ



വാല്യം 30 ശ്ലീഹാ-കൈത്താ ലക്കം 2012


"ഇതാണ് ദൈവഹിതം, നിങ്ങളുടെ
വിശുദ്ധീകരണം" (1 തെസ 4,3).

## ഉള്ളടക്കം


- സെനക്കിളും സഭാസമൂഹവും 3
- പരി. കുർബാന ദൈവികരഹസ്യം 6
- ജ്ഞാനവായന 8
- പരിപാലന ദൈവത്തിന്റെ ഭാഷാശൈലി 10
- Do you believe? 13
- മക്കളെ കൊമ്പത്തു കെട്ടിക്കാൻ ആഗ്രഹിക്കുന്നവർ 14
- കഠാരയിൽനിന്ന് വിശുദ്ധിയിലേക്ക് 16
- അമ്മയ്ക്കരികെ 19
- താമരപ്പൂങ്കിളിയേ! 22
- എത്ര മനോഹരി ഈ അമ്മ 24
- ലോകത്തിന്റെ പ്രകാശമാകുവാൻ വിളിക്കപ്പെട്ടവർ 26
- സ്നേഹത്തിന്റെ മഴവില്ല് 30
- face less book 32



സ്പിരിച്ച്വൽ ഡയറക്ടർ:
**റവ. ഫാ. മാത്യു വെള്ളാനിക്കൽ**

ചീഫ് എഡിറ്റർ:
**ഷിനി മുതുപ്ലാക്കൽ എ.ഒ.**

എഡിറ്റോറിയൽ ബോർഡ്:
**സുജ ചോതിരക്കുന്നേൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**
**ഷീലമ്മ പൂതക്കുഴി എ.ഒ**

അഡ്വൈസറി ബോർഡ്:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അന്നമ്മ കുളത്തുപുരയിടം എ.ഒ.**

സർക്കുലേഷൻ മാനേജർ:
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**



**വാർഷിക വരിസംഖ്യ -50/-**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ഡോളി എ.ഒ**

പ്രിന്റിങ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. Tel: 2570862**
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.**
**കോട്ടയം 686 018**
**ഫോൺ: 0481-2578192,2309774**
**Email: psmktm@gmail.com**

എഡിറ്റോറിയൽ

# സ്നേഹിക്കുക... വളർത്തുക...

പരിശുദ്ധാത്മാവിന്റെ ആഗമനത്തെക്കുറിച്ചും ശ്ലീഹന്മാരുടെ പ്രവർത്തനത്തിലൂടെ മിശിഹായുടെ തുടർച്ചയായ സഭയിലുണ്ടായ വളർച്ചയെക്കുറിച്ചുമൊക്കെ ധ്യാനിക്കുന്ന ആരാധനാവത്സരകാലങ്ങളിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിറഞ്ഞ ശ്ലീഹന്മാർ സ്വജീവൻ ത്യജിച്ച് നടത്തിയ സുവിശേഷപ്രഘോഷണത്തിലൂടെയാണ് സഭാതരു പടർന്നു പന്തലിച്ചത്.

തിരുസ്സഭയുടെ അംഗങ്ങളായ നാമോരോരുത്തരും നമ്മുടെ ഈ അമ്മയെ സ്നേഹിക്കേണ്ടേ...

തങ്ങളുടെ രക്തസാക്ഷിത്വത്തിലൂടെ സഭയെ വളർത്തിയ ആദ്യപിതാക്കന്മാരെപ്പോലെ ചോരയും ജീവനും വിലയായി കൊടുത്ത് നമുക്കും തിരുസ്സഭയെ സംരക്ഷിക്കേണ്ടേ...

സഭയ്ക്കെതിരെ ഉയരുന്ന ഒളിയമ്പുകൾക്കു മുമ്പിൽ ജാഗരൂകരാകേണ്ടേ...

ആദ്ധ്യാത്മികജീവിതത്തിൽ വ്യക്തിപരമായി വളരുന്നതുവഴി സഭയെ വളർത്തേണ്ടേ...

അതിനായി പരി. റൂഹായുടെ വിശുദ്ധ നിമന്ത്രണങ്ങൾക്ക് കാതോർക്കേണ്ടേ...

ഒപ്പം സഹോദരങ്ങൾക്ക് നല്ല അയൽക്കാരനാകേണ്ടേ...

സ്വയം വളരുന്നതോടൊപ്പം മറ്റുള്ളവരെയും വളർത്തി തിരുസ്സഭയുടെ യഥാർത്ഥ മക്കളായിത്തീരുവാൻ നമുക്കു കഴിയണം. തിരുസ്സഭയുടെ ആദ്ധ്യാത്മിക-സാമൂഹികമാനങ്ങൾക്ക് പുത്തൻ ഉണർവ്വും ചൈതന്യവുമേകാൻ നമ്മുടെ ജീവിതസാക്ഷ്യവും പ്രവർത്തനങ്ങളും കാരണമാകട്ടെ.

**ഷിനി മുതുപ്ലാക്കൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

# സെനക്കിളും സഭാസമൂഹവും

ഡോ. മാത്യു വെള്ളാനിക്കൽ

ഈ ലോകം വിട്ടു പോകുന്ന മിശിഹാ തന്റെ പ്രവർത്തനം തുടരുന്നത് സഭയിലൂടെയാണല്ലോ. ആ സഭാരഹസ്യം വെളിപ്പെടുത്തപ്പെട്ട വേദിയാണ് സെനക്കിൾ. അന്ത്യപ്രഭാഷണത്തിലും ഉത്ഥാന ശേഷം പന്തക്കുസ്താനുഭവവേദിയിലും ഈ സഭാ രഹസ്യം വെളിപ്പടുത്തപ്പെടുന്നുണ്ട്. സഭയുടെ സ്വഭാവം വെളിപ്പെടുത്തുന്ന ഈ സെനക്കിൾ രംഗ മാണ് ഇപ്രാവശ്യം വിശകലനം ചെയ്യുന്നത്.

**1. അരൂപിയിൽ ജീവിക്കുന്നവരുടെ സമൂഹം**

സെനക്കിളിൽ ഈശോ ശിഷ്യർക്ക് പരിശു ദ്ധാത്മാവിനെ വാഗ്ദാനം ചെയ്യുന്നു: “ഞാൻ പിതാ വിനോട് അപേക്ഷിക്കുകയും എന്നേക്കും നിങ്ങ ളോടുകൂടെയായിരിക്കാൻ ഒരു സഹായകനെ അവി ടുന്ന് നിങ്ങൾക്കു തരികയും ചെയ്യും” (യോഹ 14,16). ശിഷ്യരുടെ സമൂഹം ലോകത്തിൽനിന്നും വ്യതിരിക്തമായ ഒരു സമൂഹമായിരിക്കണമെന്ന് അവിടുന്നു സൂചിപ്പിക്കുന്നു: “ഈ സത്യാത്മാവിനെ സ്വീകരിക്കാൻ ലോകത്തിനു സാധിക്കുകയില്ല. കാരണം, അത് അവനെ കാണുകയോ അറിയു കയോ ചെയ്യുന്നില്ല. എന്നാൽ നിങ്ങൾ അവനെ അറിയുന്നു. കാരണം, അവൻ നിങ്ങളോടൊത്തു വസിക്കുന്നു. നിങ്ങളിൽ ആയിരിക്കുകയും ചെയ്യും” (യോഹ 14,17). വാഗ്ദാനത്തിനനുസൃതമായി പരിശുദ്ധാത്മാവിനെ കാത്തിരിക്കുന്നതും



(ലൂക്കാ 24,49; നട 1,4) പിന്നീട് പരിശുദ്ധാത്മാവിനെ സ്വീകരിച്ച് സഭ രൂപംകൊള്ളുന്നതും (യോഹ 20,22; നട 2,1-14) നമുക്കു കാണാം.

**2. വിശ്വസിക്കുന്നവരുടെ സമൂഹം**

ദൈവത്തിന്റെ ഈശോയിലൂടെയുള്ള സ്വയം വെളിപ്പെടുത്തലിന് ക്രിയാത്മകമായ പ്രത്യുത്തരം നല്കുന്നതാണ് വിശ്വാസം. അങ്ങനെ വിശ്വസിക്കുവാൻ ഈശോ സെനക്കിളിൽ ശിഷ്യരെ ആഹ്വാനം ചെയ്യുന്നു: "നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ടാ. ദൈവത്തിൽ വിശ്വസിക്കുവിൻ, എന്നിലും വിശ്വസിക്കുവിൻ" (യോഹ 14,1). ദൈവത്തിന്റെ സ്വയംവെളിപ്പെടുത്തലാണ് ദൈവവചനം. ദൈവത്തെ വെളിപ്പെടുത്തിയ ഈശോ മാംസമായ വചനമാണ് (യോഹ 1,14). ഈശോയുടെ വചനസ്വീകരണമാണ് സഭയെ വിശ്വാസികളുടെ സമൂഹമാക്കുന്നതും വിശുദ്ധീകരിക്കുന്നതും. ഈശോ പറയുന്നു: "അങ്ങ് എനിക്കു നല്കിയ വചനം ഞാൻ അവർക്കു നല്കി. അവർ അതു സ്വീകരിക്കുകയും ഞാൻ അങ്ങയുടെ അടുക്കൽനിന്നു വന്നുവെന്നു സത്യമായി അറിയുകയും അങ്ങ് എന്നെ അയച്ചുവെന്നു വിശ്വസിക്കുകയും ചെയ്തു" (യോഹ 17,8). വീണ്ടും അവിടുന്നു പറയുന്നു: "ഞാൻ നിങ്ങളോടു പറഞ്ഞ വചനംനിമിത്തം നിങ്ങൾ ശുദ്ധിയുള്ളവരായിരിക്കുന്നു" (യോഹ 15,3). വചനസ്വീകരണമാണ് ആദിമസഭയ്ക്ക് രൂപം നല്കിയത്: "അവന്റെ വചനം സ്വീകരിച്ചവർ സ്നാനം സ്വീകരിച്ചു. ആ ദിവസം തന്നെ മൂവായിരത്തോളംപേർ സഭയോടു ചേർന്നു" (നട 2,41). ശ്ലീഹന്മാരിലൂടെ ഈ വചനസ്വീകരണം നിരന്തരമായി നടക്കുന്നതിലൂടെയാണ് സഭ വിശ്വാസികളുടെ സമൂഹമായി കെട്ടിപ്പടുക്കപ്പെടുന്നത് (നട 2,42).

**3. പരസ്പരം സ്നേഹിക്കുന്നവരുടെ സമൂഹം**

ദൈവത്തിന്റെ പരമാവധി സ്നേഹത്തിൽ വിശ്വസിക്കുന്നവരുടെ സമൂഹമാണ് ഈശോയിൽ വിശ്വസിക്കുന്നവരുടെ സമൂഹം (യോഹ 3,16). ദൈവത്തിന്റെ പരമാവധിസ്നേഹത്തിലുള്ള ഈ വിശ്വാസം വിശ്വസിക്കുന്നവരെ സ്നേഹിക്കുന്നവരുമാക്കുന്നു. ദൈവത്തെയും ദൈവം സ്നേഹിക്കുന്ന മനുഷ്യരെയും പരമാവധി സ്നേഹിക്കുന്ന ഒരു സമൂഹമായിട്ടാണ് സഭ സെനക്കിളിൽ അവതരിപ്പിക്കപ്പെടുന്നത്. ഇത് ഈശോയുടെ പുതിയ കല്പനയിൽ വ്യക്തമാക്കുന്നുണ്ട്: "ഞാൻ പുതിയൊരു കല്പന നിങ്ങൾക്കു നൽകുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" (യോഹ 13,34-35). ദൈവത്തിന്റെ സ്നേഹത്തിലും ഈശോയുടെ സ്നേഹത്തിലും നിലനില്ക്കുന്നവർക്കേ ഈശോ സ്നേഹിച്ചതുപോലെ സ്നേഹിക്കുവാൻ കഴിയുകയുള്ളൂ. ഇതും സെനക്കിളിൽ വ്യക്തമാക്കുന്നുണ്ട്: "പിതാവ് എന്നെ സ്നേഹിച്ചതുപോലെ ഞാനും നിങ്ങളെ സ്നേഹിച്ചു. നിങ്ങൾഎന്റെ സ്നേഹത്തിൽ നിലനില്ക്കുവിൻ" (യോഹ 15,9). ഈശോയുടെ സ്നേഹത്തിലും അതിലൂടെ ദൈവത്തിന്റെ സ്നേഹത്തിലും ഒന്നുചേർന്ന് ശക്തിയും ചൈതന്യവുമാർജ്ജിച്ചുകൊണ്ട് പരസ്പരം സ്നേഹിക്കുന്ന ഒരു സമൂഹമായിട്ടാണ് ഈശോ സഭയെ വിഭാവനം ചെയ്തത്. പിന്നീട് സഭ രൂപംകൊണ്ടതും കൂട്ടായ്മയിൽ സദാ താല്പര്യപൂർവ്വം പങ്കുചേരുന്ന ഒരു സമൂഹമായിട്ടാണ് (നട 2,42-47).



**4. വി. കുർബാനയിൽ കേന്ദ്രീകൃതമായ സമൂഹം**

വി. കുർബാന സ്നേഹത്തിന്റെ കൂദാശയാണ്. കുർബാന സ്ഥാപനവിവരണം യോഹന്നാന്റെ സെനക്കിൾ അവതരണത്തിൽ കാണുന്നില്ലെങ്കിലും കുർബാനയുടെ പ്രതീകമെന്നോണം ഈശോയുടെ പരമാവധി സ്നേഹം പങ്കിട്ടനുഭവിക്കുന്ന, അപ്പംമുറിക്കലിൽ പങ്കുചേരുന്ന ഒരു സമൂഹമായി ശിഷ്യസമൂഹം അവിടെ സന്നിഹിതമാണ് (യോഹ 13,21-30). താൻ ഏല്പിച്ചുകൊടുക്കപ്പെട്ട രാത്രിയിൽ സ്ഥാപിച്ച വി. കുർബാനയെ അനുസ്മരിപ്പിക്കുന്നതാണ് തന്റെ ഒറ്റിക്കൊടുക്കപ്പെടലിനെക്കുറിച്ച് പ്രവചിക്കുന്നതും അപ്പക്കഷണം മുക്കി യൂദാസിനു കൊടുക്കുന്നതും. ദൈവത്തിന്റെയും ഈശോയുടെയും പരമാവധി സ്നേഹത്തിന്റെ ശാശ്വതസ്മാരകമാണല്ലോ വിശുദ്ധ കുർബാന. സെനക്കിളിൽ ഈശോ തന്റെ ശിഷ്യരുമായി സ്നേഹം പങ്കുവയ്ക്കുന്നതും ആ സ്നേഹത്തിന് പ്രത്യുത്തരം ഏറ്റുവാങ്ങുന്നതുമായ രംഗമാണിത്. തന്റെ മാർവ്വിൽ ചാരിക്കിടക്കുന്ന യോഹന്നാൻ ക്രിയാത്മകമായ പ്രത്യുത്തരത്തിന്റെയും തന്നെ ഒറ്റിക്കൊടുക്കുന്ന യൂദാസ് നിഷേധാത്മകമായ പ്രത്യുത്തരത്തിന്റെയും പ്രതീകങ്ങളാണ്. ഈശോയുടെ പരമാവധി സ്നേഹത്തിന്റെ ഓർമ്മയാചരണമായ വി. കുർബാനയിൽ കേന്ദ്രീകൃതമായ സമൂഹമായിട്ടാണ് ഈശോ സെനക്കിളിൽ സഭയെ വിഭാവനം ചെയ്തത്.




**5. പ്രാർത്ഥനയിൽ ഒന്നുചേരുന്ന സമൂഹം**

പ്രാർത്ഥനയിൽ ഒന്നുചേരുന്ന ഒരു സമൂഹമായിട്ടാണ് തന്റെ ശിഷ്യരുടെ സമൂഹമായ സഭയെ ഈശോ സെനക്കിളിൽ ചിത്രീകരിക്കുന്നത്. തന്റെ ശിഷ്യരോടൊപ്പം ഈശോതന്നെ സെനക്കിളിൽ പ്രാർത്ഥിക്കുന്നു (യോഹ 17). മാത്രമല്ല, തന്നിൽ വിശ്വസിക്കുന്ന ശിഷ്യസമൂഹം ദൈവത്തിൽ ഒന്നായിരിക്കണമെന്നും അവിടുന്നു പ്രാർത്ഥിക്കുന്നു: "അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്നു ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു" (യോഹ 17,21). ദൈവത്തിൽ ഒന്നാകുവാനുള്ള മാർഗ്ഗം പ്രാർത്ഥനതന്നെയാണ്. ആദിമ ക്രൈസ്തവസമൂഹം പ്രാർത്ഥനയിൽ സദാ താല്പര്യപൂർവ്വം പങ്കുചേർന്നിരുന്നുവെന്നാണല്ലോ നടപടിപ്പുസ്തകത്തിൽ നാം വായിക്കുക (2,42).

സെനക്കിളിൽ തുടക്കംകുറിച്ച സഭാസമൂഹത്തിന്റെ സവിശേഷതകൾ അതിന്റെ തനിമയിൽ ഇന്നും സഭയിൽ പ്രാവർത്തികമാകണമെങ്കിൽ സഭാംഗങ്ങളായ നാമോരോരുത്തരും ഈ സവിശേഷതകൾ നമ്മുടെ ജീവിതത്തിൽ സ്വാംശീകരിക്കണം: സഭയുടെ അരൂപിയാൽ നയിക്കപ്പെടുന്നവരും സഭയുടെ വിശ്വാസത്തോട് പ്രതിബദ്ധതയുള്ളവരും സഭാകൂട്ടായ്മയിൽ പങ്കുചേരുന്നവരും സഭയെ നിർമ്മിക്കുന്ന കുർബാനാനുഭവം സ്വായത്തമാക്കുന്നവരും സഭയുടെ പ്രാർത്ഥനയിൽ ഒന്നുചേരുന്നവരുമാകണം.




കൗദാശിക ആദ്ധ്യാത്മികത



# പരിശുദ്ധ കുർബാന ദൈവികരഹസ്യം

**ഡോ. തോമസ്പൂവത്താനിക്കുന്നേൽ**
**കാഞ്ഞിരപ്പള്ളി**

പരിശുദ്ധ കുർബാന എന്ന ദൈവിക രഹസ്യത്തെ ചുരുങ്ങിയ വാക്കുകളിൽ നിർവ്വചിക്കുക അസാധ്യമായ കാര്യമാണ്. നമ്മുടെ കുർബാനയിലെ നാലാം ഗ്ഹാന്ത പ്രാർത്ഥനയിൽ ഇപ്രകാരം കാണുന്നു: "കർത്താവേ, എളിയവരും ബലഹീനരും ക്ലേശിതരുമായ ഈ ദാസരും അങ്ങു നല്കിയ മാതൃക പരമ്പരാഗതമായി സ്വീകരിച്ച് അങ്ങയുടെ നാമത്തിൽ ഒരുമിച്ചുകൂടി ഇപ്പോൾ തിരുസന്നിധിയിൽ നില്ക്കുന്നു. ഞങ്ങളുടെ നാഥനും രക്ഷകനുമായ ഈശോമിശിഹായുടെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും സംസ്കാരത്തിന്റെയും ഉത്ഥാനത്തിന്റെയും മഹനീയവും ഭയഭക്തിജനകവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ രഹസ്യത്തെ സന്തോഷത്തോടെ ഞങ്ങൾ സ്മരിക്കുകയും സ്തുതിക്കുകയും അനുഷ്ഠിക്കുകയും ചെയ്യുന്നു."

ക്രൈസ്തവവിശ്വാസത്തിന്റെ സംഗ്രഹമാണിവിടെ ആഘോഷിക്കുന്നത്. ശ്ലീഹന്മാരുടെ പ്രബോധനങ്ങളുടെ സാരാംശം നടപടി പുസ്തകത്തിൽ വിവരിക്കുന്നതിന്റെ ഉള്ളടക്കവും ഇതുതന്നെ. ദൈവപുത്രനായ ഈശോമിശിഹാ പീഡസഹിച്ചു മരിച്ച് ഉത്ഥാനം ചെയ്ത് മനുഷ്യകുലത്തിന്റെ രക്ഷനായി. അവനിൽ വിശ്വസിക്കുന്ന ഏവരും അവിടുത്തോടൊപ്പം ഉയിപ്പിന്റെ മഹത്ത്വത്തിൽ പ്രവേശിക്കും. പരിശുദ്ധ കുർബാന എന്ന മഹാരഹസ്യം ശ്ലീഹന്മാരുടെ പ്രബോധനത്തിൽ വ്യക്തമാക്കുന്ന രക്ഷാരഹസ്യങ്ങളുടെ ആഘോഷമാണെന്ന് മേൽ ഉദ്ധരിച്ച പ്രാർത്ഥന വ്യക്തമാക്കുന്നു.

### 1. കുർബാന കർത്താവു നൽകിയ മാതൃകയാണ്

പെസഹാഭക്ഷണവേളയിൽ പരിശുദ്ധ കുർബാന സ്ഥാപിച്ചശേഷം "നിങ്ങൾ എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ" എന്ന കർത്താവിന്റെ നിർദ്ദേശമനുസരിച്ച് അവിടുത്തെ സ്വർഗ്ഗാരോഹണത്തിനും പന്തക്കു

## പ്രതീക്ഷയുടെ പൂമൊട്ടുകൾ


സ്തായ്ക്കുംശേഷം ആദിമസഭ അപ്പം മുറിക്കൽ ശുശ്രൂഷയിലൂടെ അവിടുത്തെ ഓർമ്മ ആചരിച്ചു പോന്നു എന്ന് വിശുദ്ധ പൗലോസ്ശ്ലീഹാ കോറി ന്തോസിലെ സഭയ്ക്ക് എഴുതുന്നതിൽ (അദ്ധ്യായം 11) നിന്നും മനസ്സിലാക്കാനാവും. പരിശുദ്ധ കുർബാന സഭ നിർമ്മിച്ചെടുത്ത ഒരു പ്രാർത്ഥന യല്ല. ഇതു ഈശോയിൽനിന്നു ലഭിച്ചതും സഭയു ടെ ഇന്നുവരെയുള്ള ചരിത്രത്തിൽ ഇടമുറിയാതെ പരമ്പരാഗതമായി തുടരുന്നതുമായ ആഘോഷ മാണ്. സഭയെന്നും അൾത്താരയ്ക്കു ചുറ്റുമുള്ള ആരാധനാസമൂഹമായിരുന്നു. കുർബാനയുടെ ആഘോഷങ്ങളിലെ അടയാളങ്ങൾക്കും രീതികൾ ക്കും മാനുഷികമായ ഭാവങ്ങൾ എന്നും ഉണ്ടായി രുന്നു. ഈശോയുടെ മനുഷ്യാവതാരത്തിന്റെ തുടർച്ചയാണ് നാമിവിടെ കാണുക. മനുഷ്യ രക്ഷയ്ക്കായി മനുഷ്യനാവുകയും മാനുഷികമായ തലങ്ങളിൽ സ്വയം വെളിപ്പെടുത്തുകയും ചെയ്ത ഈശോ ലോകാവസാനംവരെ ഈ രക്ഷാപദ്ധതി മാനുഷികമായ രീതിയിൽ തുടരുവാൻ കൂദാശകൾ ക്കു വഴിതുറക്കുകയും ചെയ്തു. ഈശോയുടെ ജീവിതത്തിൽ കാട്ടിതന്നതും വിശുദ്ധഗ്രന്ഥത്തിൽ വിവരിച്ചിരിക്കുന്നതും സഭാചരിത്രത്തിൽ ഇടമുറി യാതെ തുടരുന്നതും മാനുഷികമായ രീതിയിൽ അനുഷ്ഠിക്കപ്പെടുന്നതുമായ മനുഷ്യനുവേണ്ടി യുള്ള രക്ഷാകരരഹസ്യമാണ് കുർബാന.

**2. കുർബാന ഈശോയുടെ പെസഹാരഹസ്യ ങ്ങളാണ്**

വാഴ്ത്തപ്പെട്ട ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പായുടെ *പരിശുദ്ധ കുർബാനയും സഭയു* മെന്ന ചാക്രികലേഖനത്തിൽ അദ്ദേഹം ഊന്നി പ്പറയുന്ന ഒരു സത്യമാണ് കുർബാന മനുഷ്യനു ദൈവം നൽകിയ ഏറ്റം വലിയ ദാനമാണ് എന്നത്. ഈ കൂദാശ മനുഷ്യൻ ദൈവത്തിനു നൽകുന്ന ബലിയോ കാഴ്ചയോ എന്നതിനെക്കാൾ ദൈവം തന്നെത്തന്നെ മനുഷ്യനു നൽകുന്ന സമ്മാനമാണ്. ഇവിടെ പുത്രനായ ഈശോ മനുഷ്യകുലത്തെ പിതാവിന്റെ മുമ്പിൽ സമർപ്പിക്കുകയാണ്. പരിശുദ്ധ കുർബാനയുടെ സ്വീകരണത്തിൽ ഈശോയുടെ സ്വയംദാനം അതിന്റെ പൂർണ്ണത കൈവരിക്കുന്നു. കോറിന്തോസിലെ സഭയെ ഉദ്ബോധിപ്പിക്കുന്നതുപോലെ (നമ്മുടെ കർത്താ വായ ഈശോമിശിഹായുടെ കൃപ നിങ്ങൾക്ക് അറിയാമല്ലോ. അവൻ സമ്പന്നനായിരുന്നിട്ടും നിങ്ങളെപ്രതി ദരിദ്രനായി – തൻെറ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നരാകാൻ വേണ്ടിത്തന്നെ – 1 കോറി 8,9) മനുഷ്യകുലത്തെ സമ്പന്നരാക്കുന്ന തിനുവേണ്ടിയുള്ള ഈശോയുടെ സ്വയംശൂന്യ മാക്കൽ ഇവിടെ പൂർത്തീകരിക്കപ്പെടുന്നു. ദൈവികതയെക്കാൾ വലിയ സമ്പത്ത് മനുഷ്യനു ലഭ്യമല്ല. പരിശുദ്ധ കുർബാന ഈ സമ്പന്നമായ പറുദീസയിലേക്കുള്ള കടന്നുപോകൽ അഥവാ പെസഹായാണ്. ഇതാകട്ടെ ഈശോയുടെ പെസഹായിലൂടെ കൈവന്ന ഭാഗ്യമാണ്. മിശിഹാ യുടെ പെസഹാരഹസ്യങ്ങളെ വ്യക്തമാക്കുന്ന ഫിലിപ്പിയർക്കുള്ള ലേഖനം 2,4 മുതലുള്ള ഭാഗം ഉദ്ധരിച്ചുകൊണ്ടുള്ള മൂന്നാം ഗ്ഹാന്ത പ്രാർത്ഥന കുർബാനയുടെ സ്ഥാപന വചസ്സുകളിലെത്തി നിൽക്കുമ്പോൾ വ്യക്തമാകുന്നതും കുർബാന പെസഹാരഹസ്യങ്ങളാണ് എന്ന യാഥാർത്ഥ്യ മാണ്. നമ്മുടെ കുർബാന ക്രമത്തിലെ അനു രഞ്ജനശുശ്രൂഷയിലെ കാറോസൂസായിലെ ആദ്യപ്രാർത്ഥനയും ഇതു മനോഹരമായി കാട്ടിതരുന്നു.

ചുരുക്കത്തിൽ പരിശുദ്ധ കുർബാനയെ ഒരിക്കലും ഒരു സ്വകാര്യപ്രാർത്ഥനയായോ ദൈവപൂജയായോ മനുഷ്യനർപ്പിക്കുന്ന ബലിയാ യോ കാണാനാവില്ല; പ്രത്യുത, നമ്മുടെ രക്ഷകനും നാഥനുമായ ഈശോയുടെ മനുഷ്യരക്ഷാപദ്ധതി യിൽ, എനിക്കുവേണ്ടിയുള്ള രക്ഷാരഹസ്യത്തിൽ, സഭയോടൊത്ത് ഞാനും പങ്കുചേരുന്ന അവസര മാണ് കുർബാന. ഈശോയുടെ പെസഹാരഹസ്യ ത്തിലുള്ള പങ്കുചേരലല്ലാതെ നമ്മുടെ രക്ഷയ് ക്കായി മറ്റുമാർഗങ്ങളില്ലെന്ന സത്യവും വിശുദ്ധ ഗ്രന്ഥം പഠിപ്പിക്കുന്നു. അതായത്, പരിശുദ്ധ കുർബാന നമ്മുടെ രക്ഷയുടെ കേന്ദ്രവും വേദി യുമാണ്. ഇതു നാം മരണത്തിൽനിന്നും ജീവനി ലേക്കും, പാപാവസ്ഥയിൽനിന്നും വിശുദ്ധിയി ലേക്കും, പരിമിതികളിൽനിന്നും നിത്യതയുടെ മുന്നനുഭവത്തിലേക്കും കടന്നുപോകുന്ന പെസ ഹായാചരണമാണ്. (തുടരും....)

വലിയ മുക്കുവനൊപ്പം




# ജ്ഞാനവായന

ഡോ. ജോസഫ് റോബി
ആലഞ്ചേരി

"കർത്താവിന്റെ വചനം" എന്ന സിനഡനന്തര ശ്ലൈഹിക ഉദ്ബോധനത്തിലെ രണ്ട് ഖണ്ഡികകൾ (നമ്പർ 87-88) തിരുവചനത്തിന്റെ പ്രാർത്ഥനാപൂർണ്ണമായ പാരായണത്തെ സംബന്ധിച്ചാണ്. വി. ഗ്രന്ഥം ധ്യാനാത്മകമായി വായിക്കുവാൻ പല മാർഗ്ഗങ്ങളും നിലവിലുണ്ട്. എന്നാൽ സിനഡ് പിതാക്കന്മാർ സവിശേഷശ്രദ്ധയോടെ എടുത്തുപറഞ്ഞ ഒരു രീതി "Lectio divina" അഥവാ "ജ്ഞാനവായന"യാണ്. മേൽപറഞ്ഞ ലത്തീൻ വാക്കിന്റെ വാച്യാർത്ഥം "വിശുദ്ധ പാരായണം" എന്നാണ്. സന്ന്യാസപാരമ്പര്യത്തിൽ വളർന്നുവന്ന വിശുദ്ധലിഖിത വായനാശൈലിയാണിത്.

വിശുദ്ധ ഗ്രന്ഥം ഗ്രഹിക്കാൻ ശാസ്ത്രീയ പഠനത്തേക്കാളും കൂടുതൽ ആവശ്യം തിരുവചനസ്നേഹവും പ്രാർത്ഥനയുമാണ്. വി. ആഗസ്തിനോസ് ഇപ്രകാരം പറയുന്നു: "ദൈവത്തോട് നിങ്ങൾ സംസാരിക്കുന്ന വാക്കാണ് നിങ്ങളുടെ പ്രാർത്ഥന. നിങ്ങൾ ബൈബിൾ വായിക്കുമ്പോൾ ദൈവം നിങ്ങളോടു സംസാ




രിക്കുന്നു". അതായത്, തിരുവചനവായന പൂർണ്ണമാകുന്നത് അത് ദൈവത്തോടുള്ള ഒരു പ്രാർത്ഥന (Oratio) യായി മാറുമ്പോഴാണ്. ഇപ്രകാരം ബൈബിളിന്റെ പ്രാർത്ഥനാപൂർണ്ണമായ പാരായണമാണ് ജ്ഞാനവായന.

ജ്ഞാനവായന പ്രക്രിയയെ പരമ്പരാഗതമായി നാലു ഘട്ടങ്ങളായി തിരിച്ചിട്ടുണ്ട്. 1) വായന (lectio) 2) വിചിന്തനം (meditatio) 3) പ്രാർത്ഥന (oratio) 4) ധ്യാനം (contemplatio).


ഈ നാലു ഘട്ടങ്ങൾ പരസ്പര പൂരകങ്ങളാണ്. ജ്ഞാനവായനയെ ഈ രീതിയിൽ ആദ്യമായി ചിട്ടപ്പെടുത്തിയ ഗുയിഗോ (12-ാം നൂറ്റാണ്ട്) എന്ന സന്ന്യാസി വിശദീകരിക്കുന്നത് ഇങ്ങനെയാണ്: 'വായന, വായിലേക്ക് ഭക്ഷണം വയ്ക്കുന്നതുപോലെയാണ്. വിചിന്തനത്തിന്റെ സമയത്ത് നാമതിനെ ചവച്ചരയ്ക്കുന്നു. പ്രാർത്ഥനയിലൂടെ അത് സ്വാംശീകരിക്കപ്പെടുന്നു. ധ്യാനമാകട്ടെ ഭക്ഷണം രക്തത്തിൽ അലിഞ്ഞതിന്റെ ഉണർവും ഉന്മേഷവുമാണ്". വിശുദ്ധഗ്രന്ഥം എടുത്തു ഭക്ഷിക്കേണ്ട ചുരുളാണെന്ന് വെളിപാടു പുസ്തകം നമ്മെ ഓർമ്മിപ്പിക്കുന്നു (വെളി 10:9-10). ധ്യാനാത്മകമായി വായിക്കുമ്പോൾ അത് വായിൽ തേൻപോലെ മധുരിക്കും.

ജ്ഞാനവായനയുടെ ആദ്യഘട്ടം ഒരു ബൈബിൾ ഭാഗത്തിന്റെ വായനയോടുകൂടിയാണ് ആരംഭിക്കുന്നത്. ആ തിരുവചനഭാഗത്തിന്റെ ഉള്ളടക്കം മനസ്സിലാക്കാനുള്ള ഒരാഗ്രഹത്തിലേക്ക് ഇത് നയിക്കുന്നു. ഈ വായനയുടെ ലക്ഷ്യം, "ആ ബൈബിൾ ഭാഗം അതിൽതന്നെ എന്തുപറയുന്നു" എന്ന് അന്വേഷിക്കലാണ്. ഇങ്ങനെ വായിച്ചില്ലെങ്കിൽ, ബൈബിൾ നമ്മുടെ സ്വന്തം ആശയങ്ങളിലേക്ക് ചുരുക്കാനുള്ള അപകടസാധ്യത എപ്പോഴുമുണ്ട്.

ജ്ഞാനവായനയുടെ രണ്ടാമത്തെ ഘട്ടം "വിചിന്തന"മാണ്. "ഈ ബൈബിൾ ഭാഗം നമ്മോട് എന്തു പറയുന്നു" എന്നന്വേഷിക്കലാണ് ഇവിടെ നടക്കേണ്ടത്. വായിക്കുന്ന തിരുവചനം സ്വജീവിതത്തിനുള്ള വെല്ലുവിളിയായി തിരിച്ചറിയുന്ന ഒരു ഘട്ടമാണിത്. വിചിന്തനത്തിലും വ്യക്ത്യധിഷ്ഠിതമായ സമീപനമല്ല, വിശുദ്ധ ഗ്രന്ഥത്തെ സഭയുടെ കൂട്ടായ്മയിൽ മനസ്സിലാക്കുന്ന സമീപനമാണ് ഉണ്ടാകേണ്ടത്.

ഇതിനെ തുടർന്നാണ് പ്രാർത്ഥനയുടെ ഘട്ടം. അത് ഈ ചോദ്യമാണ് ചോദിക്കുന്നത്: "അവിടുത്തെ വചനത്തിന് പ്രത്യുത്തരമായി കർത്താവിനോടു നാം എന്താണു പറയുക"? നാം ദൈവത്തിനർപ്പിക്കുന്ന സ്തുതിയും കൃതജ്ഞതയും, ദൈവത്തോട് അപേക്ഷിക്കുന്ന യാചനകളും മദ്ധ്യസ്ഥപ്രാർത്ഥനകളും എല്ലാം ഈ മൂന്നാമത്തെ ഘട്ടത്തിന്റെ ഭാവങ്ങളാണ്.

ജ്ഞാനവായനയുടെ അവസാനഘട്ടം "ധ്യാന"മാണ് (contemplation). "മനസ്സിന്റെയും ഹൃദയത്തിന്റെയും ജീവിതത്തിന്റെയും തലങ്ങളിൽ എന്ത് പരിവർത്തനമാണ് കർത്താവ് നമ്മിൽനിന്ന് ആവശ്യപ്പെടുന്നത്" എന്നു ചോദിക്കുന്ന അവസ്ഥയാണിത്. ദൈവം കാണുന്നതുപോലെ യാഥാർത്ഥ്യത്തെ വിവേചിച്ചറിയാനുള്ള ഒരു ദർശനം നമ്മിൽ സൃഷ്ടിക്കുക, "മിശിഹായുടെ മനസ്സ്" (1 കോറി 2,16) നമ്മിൽ രൂപപ്പെടുത്തുക ഇതാണ് ധ്യാനത്തിന്റെ ലക്ഷ്യം.



മനുഷ്യകുലവുമായുള്ള ദൈവത്തിന്റെ സംസാരം-6



# പരിപാലന ദൈവത്തിന്റെ ഭാഷാശൈലി

റോസമ്മ കുന്നേൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

ഈ പ്രപഞ്ചവും അതിലെ ഓരോ സൃഷ്ടവസ്തുക്കളും ദൈവത്തിന്റെ അനന്തപരിപാലനയാൽ ചുറ്റപ്പെട്ടതാണ്. സൃഷ്ടിയുടെ മകുടമായ മനുഷ്യനും ഈ അനന്ത പരിപാലനയ്ക്ക് വിധേയപ്പെട്ടു ജീവിക്കേണ്ടവനാണ്. മറ്റു സൃഷ്ട വസ്തുക്കളെല്ലാം ദൈവത്തിന്റെ പരിപാലനയ്ക്ക് വിധേയപ്പെട്ടാണ് ജീവിക്കുന്നത്. എന്നാൽ മനുഷ്യന് ദൈവം സ്വാതന്ത്ര്യം നൽകിയാണ് ലോകത്തിലേക്ക് വിട്ടിരിക്കുന്നത്. ദൈവത്തിന്റെ പരിപാലനയിൽനിന്നും മനുഷ്യൻ തന്റെ സ്വാതന്ത്ര്യമുപയോഗിച്ച് വഴുതിമാറുന്നതായി മനുഷ്യചരിത്രത്തിൽ കാണാൻ കഴിയും. ഇവിടെ ബെനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ വാക്കുകൾ ഉദ്ധരിക്കട്ടെ: "ഓ ദൈവമേ, അങ്ങ് ആഗ്രഹിച്ചതല്ല, ഞാൻ തന്നെ ഒരു ദൈവമാകാൻ ആഗ്രഹിക്കുകയാണ്" എന്ന നിലപാടായിരുന്നു ആദത്തിന്റേത്. ഈ അഹംഭാവമാണ് പാപത്തിന്റെ യഥാർത്ഥ സത്ത. നമ്മുടെ സ്വന്തം ഇഷ്ടപ്രകാരം നാം ജീവിച്ചെങ്കിൽ മാത്രമേ നാം സ്വതന്ത്രരും യഥാർത്ഥത്തിൽ നാംതന്നെയും ആകൂ എന്നു നാം വിചാരിക്കുന്നു.

ദൈവം നമ്മുടെ സ്വാതന്ത്ര്യത്തിന് വിരുദ്ധമായി കാണപ്പെടുന്നു. അതുകൊണ്ട് അവിടുന്നിൽനിന്ന് നാം സ്വതന്ത്രരാകേണ്ട ആവശ്യമുണ്ടെന്നും അപ്പോൾ മാത്രമാണ് നാം സ്വതന്ത്രരാകുക എന്നുമാണ് നമ്മുടെ വിചാരം. ചരിത്രത്തിലുടനീളം സ്ഥിതി ചെയ്യുന്ന മൗലിക കലാപമാണിത്. മനുഷ്യജീവിതത്തെ വികൃതമാക്കുന്ന മൗലിക കാപട്യവും ഇതു തന്നെ. മനുഷ്യജീവികൾ തങ്ങളെത്തന്നെ ദൈവത്തിനെതിരാക്കുമ്പോൾ അവർ അവരെത്തന്നെ സ്വന്തം




സ്വത്വത്തിന്റെ സത്യത്തിനെതിരാക്കുകയാണ്. അവർ തങ്ങളിൽ നിന്നുതന്നെ അന്യരാക്കപ്പെടുകയാണ്" (ഒസ്സർവത്തോറെ റോമാനോ)

പ്രപഞ്ചവും അതിലുള്ളവയുമെല്ലാം പ്രപഞ്ചസ്രഷ്ടാവ് മനുഷ്യനായി, അവന്റെ ഉപയോഗത്തിനായി നൽകിയിട്ടുള്ളതാണ്. മനുഷ്യൻ ദൈവത്തെ മാറ്റിനിറുത്തിയിട്ട് സ്വന്തം ഇഷ്ടപ്രകാരം അവയെ കൈകാര്യം ചെയ്യുന്നതുമൂലം പ്രപഞ്ചത്തെ മുഴുവനും മലിനമാക്കുന്നു, വികൃതമാക്കുന്നു. തന്മൂലം പ്രപഞ്ചത്തിൽ എന്തെല്ലാം ക്രമക്കേടുകളാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. വായുവിന്റെ മലിനീകരണവും കാലാവസ്ഥയുടെ വ്യതിയാനങ്ങളുമെല്ലാം ഇതിന് ഉത്തമ ഉദാഹരണങ്ങളാണ്.

ദൈവം മനുഷ്യനോടു സംസാരിക്കുന്നത്, അവിടുത്തെ ഹിതം അവന് വെളിപ്പെടുത്തിക്കൊടുക്കുന്നത് വിവിധ രീതിയിലാണെന്ന് വി. തോമസ് അക്വിനാസ് പറയുന്നു: അതായത്, കല്പനയിലൂടെ ചിലതൊക്കെ നിരോധിക്കുന്നതിലൂടെ, അവിടുത്തെ താല്പര്യങ്ങൾ മനസ്സിലാക്കികൊടുക്കുന്നതിലൂടെ, ചില സാഹചര്യങ്ങളിലൂടെ തന്റെ ആഗ്രഹം വെളിപ്പെടുത്തികൊടുക്കുന്നതിലൂടെ, ചിലതെല്ലാം അനുവദിക്കുന്നതിലൂടെയൊക്കെയാണ് ദൈവം തന്റെ ഹിതം വെളിപ്പെടുത്തുന്നത്. ഈ വിവിധ രീതിയിലുള്ള ദൈവത്തിന്റെ നമ്മോടുള്ള സംസാരത്തെ നാം ശ്രദ്ധാപൂർവ്വം വിവേചിച്ചറിഞ്ഞ് അതിനോടു വിധേയപ്പെട്ടു ജീവിക്കുമ്പോഴാണ് ദൈവഹിതപ്രകാരം ജീവിക്കുന്ന ദൈവമക്കളായിത്തീരുന്നത്; ദൈവത്തിന്റെ കർത്തൃത്വം നമ്മിൽ സംജാതമാകുന്നത്. ദൈവമനുഷ്യനായ ഈശോയുടെ ജീവിതം ദൈവപിതാവിന്റെ ഹിതത്തിന് പരിപൂർണ്ണമായി വിധേയപ്പെട്ട ഒന്നായിരുന്നു. ഈ വിധേയപ്പെടലിന്, അനുസരണത്തിന് ഈശോയ്ക്ക് കിട്ടിയത് കുരിശുമരണമാണ്. "അവൻ മനുഷ്യരൂപത്തിലായിരിക്കെ, തന്നെത്തന്നെ താഴ്ത്തി മരണത്തോളം-അതേ, "കുരിശുമരണത്തോളം-അനുസരണമുള്ളവനായി" (ഫിലി 2,8).

ചരിത്രം സൃഷ്ടിക്കുന്നത് ദൈവമാണ്. മനുഷ്യനെ ദൈവം അതിന് ഉപകരണങ്ങളാക്കുന്നു. ദൈവത്തിന്റെ നിഘണ്ടുവിൽ യാദൃശ്ചികം എന്ന പദം ഇല്ല. അവിടുത്തേത് പരിപാലനയുടെ ഭാഷാശൈലിയാണ്. അവിടുത്തെ പ്രവർത്തനങ്ങൾക്കെല്ലാം ലക്ഷ്യമുണ്ട്, കൃത്യതയുണ്ട്. അവിടുത്തെ പ്രത്യേക സമയവും ഉണ്ട്. മനുഷ്യൻ ദൈവത്തിന്റെ ഉപകരണമായി വർത്തിക്കേണ്ടവനാണ്. ഈ ഉപകരണാത്മകതയിൽ മനുഷ്യൻ സ്വന്തം താല്പര്യത്തിന് മുൻതൂക്കംകൊടുത്തുകൊണ്ട് തന്റെ സ്വാതന്ത്ര്യത്തെ ദുർവിനിയോഗിക്കുന്നു. തന്മൂലം മാനവചരിത്രം ദൈവം ആഗ്രഹിക്കാത്ത യുദ്ധങ്ങൾ, കലാപങ്ങൾ, ഭീകരപ്രവർത്തനങ്ങൾ, വർഗീയത, ഗർഭഛിദ്രം, വിവാഹമോചനം, ആത്മഹത്യ തുടങ്ങിയ തിന്മകളുടെ കേളീരംഗമായി. ഇവിടെയും ദൈവം തന്റെ സംഭാഷണം നിറുത്തിവയ്ക്കുന്നില്ല. അവിടുന്ന് ഇവയെല്ലാം അനുവദിച്ചുകൊണ്ട് മാനവംശവുമായി സംസാരിക്കുകയാണ്, അവനെ പരിപാലിക്കുകയാണ്.


മനുഷ്യന്റെ അനുദിനജീവിതത്തെ പരിശോധിച്ചാൽ അവന്റെ ശ്രദ്ധക്കുറവുകൊണ്ട് എന്തെല്ലാം വിനകളാണ് വന്നുഭവിക്കുക. ഒരു നിമിഷനേരം ശ്രദ്ധ പതറിയാൽ ഉണ്ടാകുന്ന അപകടങ്ങൾ എത്ര മാത്രമാണ്. ദൈവത്തിന് ശ്രദ്ധ പതറുകയില്ല. അവിടുത്തെ കണ്ണിൽ നിന്നും ഒന്നിനെയും മറച്ചുവയ്ക്കാനാവില്ല. അവിടുന്നെല്ലാം മനോഹരമായിട്ടാണ് വിഭാവനം ചെയ്യുന്നത്. മനുഷ്യന്റെ അശ്രദ്ധയും ക്രൂരതയും സ്വാർത്ഥതയും അസൂയയുമെല്ലാമാണ് അവയെ വികൃതമാക്കുന്നത്.

നമ്മുടെ ഓരോരുത്തരുടേയും ജീവിതചരിത്രം വിലയിരുത്തിയാൽ അത് ദൈവം നമ്മോട് നടത്തുന്ന ഇടതടവില്ലാത്ത പരിപാലനയുടെ സംഭാഷണമാണ്. നമ്മുടെ ജീവിതം ദൈവത്താൽ നിയന്ത്രിക്കപ്പെട്ടും ഭരിക്കപ്പെട്ടുമാണോ പോകുന്നത്; അതോ മറ്റേതെങ്കിലും ഘടകങ്ങളാൽ നിയന്ത്രിക്കപ്പെട്ടു പോകുന്നുണ്ടോ എന്ന് നാം കൂടെക്കൂടെ പരിശോധിക്കണം. നമ്മിൽ കയറിക്കൂടുന്ന പാപത്തിന്റെയും തിന്മയുടെയും പ്രശ്നം ദൈവത്തിന്റെ തിരുഹിതത്തിന് പുറത്താണ്. ദൈവം അവ ആഗ്രഹിക്കുന്നില്ലെങ്കിലും അനുവദിക്കുന്നു. നന്മയിലേക്കു തിരിച്ചുവരുവാനുള്ള, തിന്മയെ അതിജീവിക്കുവാനുള്ള കൃപാവരവുമായി അവിടുന്ന് നമ്മോടൊപ്പം നടക്കുന്നു. നാം ബോധപൂർവ്വം അവിടുത്തെ കൃപാവരത്തോട് സഹകരിക്കണം എന്നതാണ് പരമപ്രധാനം. നമ്മുടെ സഹകരണമാകട്ടെ സഭയോടൊത്തുള്ള ജീവിതമാണ്.

ഓരോ നിമിഷവുമുള്ള ദൈവപരിപാലന തിരിച്ചറിഞ്ഞ് അവിടുത്തെ ഹിതം മാത്രം നിർവ്വഹിക്കുവാൻ നമുക്കു പരിശ്രമിക്കാം.



പ്രതീക്ഷയുടെ പൂമൊട്ടുകൾ



# കരുണാമൃതം

സ്നേഹത്തിൻ മൃദുവിരൽ സ്പർശത്താലെന്നിലെ-
മാലകറ്റീടുവാൻ കാരുണ്യം കാട്ടിടും
തെളിനീർ പ്രവാഹമായ് ഹൃത്തിലേക്കെത്തിനീ
നെഞ്ചിന്റെ നോവിനെ തഴുകിയകറ്റിടും
അമ്മേ അലിവിന്റെ അലയാഴിയാണു നീ
അശരണർക്കാശയാണഭയത്തിൻ കോട്ടയും!

സ്നേഹമാമമ്മേ നിൻ വാത്സല്യത്തഴുകലാൽ
തെറ്റിയ പാദങ്ങൾ നേർവഴി ചേർത്തിടും.
സുരലോകരാജ്ഞിയാം പരിശുദ്ധ ജനനീനിൻ
തിരുമുൻപിലുരുകുന്നു മെഴുകുപോൽ ഹൃത്തടം
കൊടിയതാം പാപത്തിൻ ബന്ധനമത്രയും
കഴുകിയകറ്റിടും തെളിനീർപ്രവാഹം നീ

സ്നേഹമായ്, ശാന്തിയായ് ആശ്വാസത്തെന്നലായ്
കൂടെ നടന്നു നീ നേർവഴി ചേർക്കുന്നു.
അമ്മേ, നയിക്കൂ നീ ഞങ്ങളെ നിത്യവും
നിൻ സുതനനുയോജ്യരാം മക്കളായ് തീർക്കൂ നീ-
അശുദ്ധരാം ഞങ്ങളിൽ വിശുദ്ധിതൻ ദീപമായ്
തെളിയും പ്രകാശമേ നമിക്കുന്നു നിൻ പദം!!

നോയൽ മാത്യൂസ് ജോർജ്

Youth Corner

# Do you believe?


**Julie**
Vanniamparampil

*"Rejoice, young man, while you are young, and let your heart cheer you in the days of your youth. Follow the inclination of your heart and the desire of your eyes, but know that for all these things God will bring you into judgment. Banish anxiety from your mind, and put away pain from your body; for youth and the dawn of life are vanity" (Eccl 11,9-10).*

*There was a young carpenter from Nazareth, named Jesus, whose word and deed are the one. He spoke and lived what is just. He was pleased both by God and men. He taught authentically what he had heard from above. Many wondered in His wisdom and whispered His name. He was a friend of all.*

*Dear youngsters, do you know Him? If you know Him, surely you will admire Him, as He is the 'complete man'. For you, what is life? Is it only a pleasure seeking one? or something creative? See... life is what you make it; and your age is the best time to be rich and the best time to be poor. If you are zealous in doing good, of course you are spreading the fragrance of Sanctity. And then you are His friend. You may have so many friends. Friendship is quite enthralling. But with whom you are making this; that's more important. A friend can lead you either in holy way or in satanic way. Who will be with you.... in your most lonely times? I believe it's He... who walks in when the rest of the world walks out. Do you believe?*

*"Remember your Creator in the days of your youth...."*
*(Eccl 12,1).*









# മക്കളെ കൊമ്പത്തു കെട്ടിക്കാൻ ആഗ്രഹിക്കുന്നവർ

**ഫാ. സിറിയക് കോട്ടയിൽ**
ഫാമിലി അപ്പോസ്റ്റലേറ്റ്, ചങ്ങനാശ്ശേരി


**മക്കളെ കൊമ്പത്തുകൊണ്ട് കെട്ടിക്കണമെന്നും മക്കൾ കൊമ്പത്തുനിന്ന് കെട്ടണമെന്നും ആഗ്രഹിക്കുന്ന അപ്പനമ്മമാരെ ഇന്ന് അങ്ങിങ്ങായി മാത്രം നാം കാണുന്നു എന്നൊന്നും പറയാനാവില്ല. പരക്കെ കാണുന്നു എന്ന് പറയുന്നതും ശരിയല്ല. പക്ഷേ, ഇത്തരക്കാരായ അപ്പനമ്മമാർ ഇന്നുണ്ട് എന്നത് യാഥാർത്ഥ്യമാണ്.**

മാമ്മച്ചൻമാഷിന് തന്റെ മരുമകളാകാൻ പോകുന്ന പെൺകുട്ടിയെക്കുറിച്ചും പെൺകൂട്ടരെക്കുറിച്ചും കൃത്യമായ ചില കണക്കുകൂട്ടലുകളും പ്രതീക്ഷകളുമൊക്കെയുണ്ട്. കണക്കുമാഷായി റിട്ടയർ ചെയ്ത സാറിന്റെ കണക്കുകൂട്ടലുകൾ ബലപ്പെട്ടതിന്റെ ഫലമായി മകൻ മാത്തപ്പൻ പതിനെട്ട് പെൺകുട്ടികളെയാണ് ഒന്നിനു പിറകേ മറ്റൊന്നായി കാണേണ്ടിവന്നത്. പതിനെട്ടിൽ ഒന്നുമങ്ങോട്ട് ഉറയ്ക്കാതെ പോയതിനു കാരണം പയ്യൻ മാത്തപ്പനോ അവന്റെ ഇതര കുടുംബാംഗങ്ങളോ അല്ല; അയാൾത്തന്നെയാണ് - മാമച്ചൻ മാഷ്. മാഷിന്റെ നോട്ടം സമ്പത്താണ്. പെൺകൂട്ടർക്ക് ആസ്തിയുണ്ടാകണം. പത്താൾക്കുമുമ്പിൽ ബന്ധുക്കാരെപ്പറ്റി അഭിമാനത്തോടെയും നെഞ്ചുവിരിച്ചുനിന്നും പറയാൻമാത്രം പണക്കൊഴുപ്പുള്ളവരായിരിക്കണം അവർ. മാമച്ചൻമാഷിന്റെ ഈയൊരു സമീപനത്തോട് ഒട്ടുമേ യോജിപ്പില്ലാത്ത ആളാണ് മാഷിന്റെ ഭാര്യ ഏലമ്മ. ഏലമ്മ പോസ്റ്റൽ ഡിപ്പാർട്ടുമെന്റിൽനിന്ന് റിട്ടയർ ചെയ്തിട്ട് വർഷം ഒന്ന് തികയുന്നതേ ഉള്ളു. ഇന്നലെയും പോയി മാത്തപ്പൻ പത്തൊമ്പതാമത്തെ പെണ്ണിനെ കാണാൻ. മാത്തപ്പന് പെണ്ണിനെ പോതിച്ചു. അമ്മ ഏലമ്മയും അവനെ പിന്തുണച്ചു. പെങ്ങന്മാർക്ക് രണ്ടു പേർക്കും കുട്ടിയെ നന്നായി ഇഷ്ടപ്പെട്ടു. അവിടെയും മാമ

ച്ചൻമാഷ് പിന്തിരിപ്പനായി. അയാൾ പറഞ്ഞു, ലിസ്റ്റിൽ ശേഷിക്കുന്ന ആളുകളെക്കൂടി കണ്ടി ട്ടാവാം തീരുമാനം. ഏതായാലും ആ ആളെക്കൂടി കണ്ടുകഴിഞ്ഞാൽ കാര്യത്തിനൊരു തീരുമാനം ഉണ്ടാകുമെന്ന പ്രതീക്ഷയിലാണ് മാത്തപ്പനും സഹോദരിമാരും അവരുടെ അമ്മയും.

മക്കളെ കൊമ്പത്തുകൊണ്ട് കെട്ടിക്കണ മെന്നും മക്കൾ കൊമ്പത്തുനിന്ന് കെട്ടണമെന്നും ആഗ്രഹിക്കുന്ന അപ്പനമ്മമാരെ ഇന്ന് അങ്ങിങ്ങാ യിമാത്രം നാം കാണുന്നു എന്നൊന്നും പറയാ നാവില്ല. പരക്കെ കാണുന്നു എന്ന് പറയുന്നതും ശരിയല്ല. പക്ഷേ, ഇത്തരക്കാരായ അപ്പനമ്മമാർ ഇന്നുണ്ട് എന്നത് യാഥാർത്ഥ്യമാണ്. ഇക്കാര്യം വായനക്കാരായ നിങ്ങളും സമ്മതിക്കും. മക്കൾക്ക് അനുയോജ്യമായതും അവരുടെ സുര ക്ഷിതമായ ഭാവിക്ക് ഉതകുന്നതുമായ ബന്ധം തന്നെ അവർക്ക് ലഭിക്കേണ്ടതുണ്ട് എന്ന കാര്യ ത്തിൽ ഇരുപക്ഷമുണ്ടാവില്ല. പക്ഷേ, ബന്ധുക്കാ രാകാൻ ആസ്തി നോക്കി തിരഞ്ഞെടുക്കപ്പെടു ന്നവരുടെ സാമ്പത്തിക ബാധ്യതകൂടി അക്കൂട്ട ത്തിൽ തീരുമാനം ഉറപ്പിക്കുംമുമ്പ് അന്വേഷി ക്കുന്നത് നല്ലതാണെന്നുമാത്രം. ആസ്തി ഉള്ള വർക്കെല്ലാം താങ്ങാനാവാത്തവിധം സാമ്പ ത്തിക ബാധ്യതകൾക്കൂടി ഉണ്ടാവുമെന്നൊന്നും തറപ്പിച്ചുപറയാനെനിക്കാവില്ല. എങ്കിലും ഇന്ന് കുറേപ്പേരെങ്കിലും തങ്ങളുടെ സാമ്പത്തി കാസ്തി കെട്ടി ഉയർത്തിയിരിക്കുന്നത് അത്തര ക്കാരെ പാപ്പരാക്കാൻ കാരണമായേക്കാവുന്ന ബാധ്യതകൾക്ക് മുകളിലാണെന്നത് പച്ചപ്പര മാർത്ഥമല്ലേ? മാന്യമായി ജീവിക്കാൻ ഇടയാകും വിധം ആസ്തി ബന്ധുക്കാരാകുന്നവർക്ക് ഉണ്ടാ വേണ്ടതുതന്നെയാണ്. പക്ഷേ, നോട്ടം മുഴുവൻ അത്തരക്കാരുടെ ആസ്തിക്കുമേൽ മാത്രമായാൽ പ്രാധാന്യത്തോടെ ശ്രദ്ധിക്കേണ്ടുന്ന പലതും ശ്രദ്ധിക്കാതെ പോകാനും അത് ഭാവിയിൽ ഇരു വരുടെയും ഒപ്പം ഇരുകുടുംബങ്ങളുടെയും ഇട യിൽ അസ്വസ്ഥതകൾ ഉളവാകുന്നതിനും കാര ണമായിത്തീരുമെന്നത് ഉറപ്പാണ്.







## വിശുദ്ധരോടൊപ്പം



# കഠാരയിൽ നിന്ന് വിശുദ്ധിയിലേക്ക്

## വി. ബർണാർഡോ ദാ കൊർലിയോൺ

**ജിജി പുല്ലത്തിൽ**
**അപ്പസ്തോലിക് ഒബ്ളേറ്റ്സ്**

അനുദിനം വർദ്ധിച്ചുവരുന്ന ക്വട്ടേഷൻ സംഘങ്ങൾ!!!

അതിക്രൂരമായ കൊലപാതകങ്ങൾ!!!

കേരളത്തെ കലാപഭൂമിയാക്കുന്ന ഗുണ്ടാ വിളയാട്ടങ്ങൾ!!!

തകർന്നുതരിപ്പണമാകുന്ന യുവത്വങ്ങൾ!!!

ദിനംപ്രതിയുള്ള പത്രവാർത്തകളിലേക്ക് നീറുന്ന മനസ്സോടെ കണ്ണോടിച്ചപ്പോൾ ആ യുവാവിന്റെ സ്വരം കാതിൽ മുഴങ്ങി....

“ഇല്ല സിസ്റ്റർ എനിക്കിനി നന്നാകാനാകില്ല...”

ക്വട്ടേഷൻ സംഘത്തിൽപെട്ടുപോയ ഞാൻ ആയുധമേന്താൻ പഠിച്ചു. പെണ്ണിനും പണത്തിനുംവേണ്ടിയുള്ള പരക്കംപാച്ചിലിൽ ഞാൻ നിപതിച്ചത് പാപത്തിന്റെ അഗാധ ഗർത്തങ്ങളിലേക്കാണ്. എന്നെക്കൊണ്ടു നിർബന്ധിച്ചാണ് കൊലപാതകം ചെയ്യിച്ചത്. പറ്റില്ലന്നു പറഞ്ഞതാ ഞാൻ...പക്ഷേ അവരു സമ്മതിച്ചില്ല. എന്നെക്കൊണ്ടു ക്രൂരകൃത്യം ചെയ്യിച്ചവർ മണിമാളികയിലിരുന്നു സുഖിക്കുമ്പോൾ ഞാനീ ജയിലിൽ പ്രാണവേദനയനുഭവിക്കുകയാണ്. എനിക്ക് മോചനമുണ്ടോ? ആരെനിക്കു മോചനം തരും?

ഇരുപത്തിനാലുകാരന്റെ നൊമ്പരങ്ങൾ നീളുകയാണ്. യുവത്വത്തിന്റെ മായാമോഹങ്ങളിൽ കുടുങ്ങിക്കിടന്ന് തകർന്നുതരിപ്പണമായി തുരുമ്പുപിടിച്ച ഇവന്റേതുപോലുള്ള അനേകം ജീവിതങ്ങളെ തട്ടിയുണർത്താൻ ദൈവത്തിന്റെ മൂർച്ചയേറിയ ആയുധം വേണം. ഫിലിപ്പിനോ ലാദിനോയെന്ന ദൈവത്തിന്റെ മൂർച്ചയേറിയ ആയുധം!!.

അദ്ദേഹത്തിന്റെ വിശുദ്ധ ജീവിതത്തിലൂടെ അനേകർ വിശുദ്ധിയിലേക്ക് ആനയിക്കപ്പെടുമെന്ന് തീർച്ചയാണ്. കാരണം ഒരിക്കൽ കഠാരയേന്തിയവനായിരുന്നു ഫിലിപ്പിനോ. “സിസിലിയിലെ ഏറ്റവും മൂർച്ചയേറിയ കഠാര”യെന്നാണ് ആളുകൾ ഫിലിപ്പിനോയെ വിളിച്ചിരുന്നത്. അങ്ങനെ വിളിക്കാനൊരു കാരണമുണ്ടായിരുന്നു. സിസിലിയിലെ ജനങ്ങളെയൊന്നാകെ നടുക്കത്തിലാഴ്ത്തിയ സംഭവം!!!

തെരുവിൽ കശപിശ... അതും വാടക ക്കൊലയാളിയുമായിട്ട്... ഒന്നും രണ്ടും അങ്ങോട്ടും ഇങ്ങോട്ടും പറഞ്ഞു. വാക്കേറ്റം കയ്യേറ്റമായി. കയ്യിലിരുന്ന കത്തിയെടുത്ത് ഫിലിപ്പിനോ ഒരു വെട്ട്... വാടകക്കൊലയാളി യുടെ കൈപ്പത്തി നിലത്ത്....

ഫിലിപ്പിനോയുടെ കണ്ണിൽ ഇരുട്ടുക യറി...താനെന്താണ് കാണിച്ചത്...ഹൃദയത്തിന് വല്ലാത്ത ഭാരം...നാടു മുഴുവൻ തനിക്കെതിരെ തിരിഞ്ഞതുപോലെ. പിന്നെ കൂടുതലൊന്നും ആലോചിച്ചില്ല. കൈപ്പത്തി നഷ്ടപ്പെടുത്തിയ വന്റെ കാൽക്കൽ കെട്ടിപ്പിടിച്ചു പൊട്ടിക്കരഞ്ഞു. അണപൊട്ടിയൊഴുകിയ പശ്ചാത്താപക്കണ്ണീർ തുടയ്ക്കാൻ ആ പത്തൊൻപതുകാരനായില്ല. അധികകാലംവേണ്ടിവന്നില്ല അവർ ഉത്തമ സുഹൃത്തുക്കളാകാൻ...തന്റെ മുൻകോപം നഷ്ട പ്പെടുത്തിയത് കൂട്ടുകാരന്റെ കൈപ്പത്തിയാണ്. അവൻ കൂടുതൽ മൗനിയായി... അഭിമാനമാകേ ണ്ടവൻ അപമാനമായിരിക്കുന്നു. വീടിനെക്കു റിച്ചോർത്തവൻ വിതുമ്പി. സർവ്വാദരണീയ നായ പിതാവ് ലിയനാർദോ...വിശുദ്ധനായ കുടുംബനാഥൻ. അദ്ദേഹത്തിന് ഒരു സ്വഭാവ മുണ്ട്. തെരുവിൽ കിടക്കുന്ന പാവങ്ങളെ വീട്ടിൽ കൊണ്ടുവരും...കുളിപ്പിക്കും വസ്ത്രം ധരിപ്പിക്കും, ഭക്ഷണം നൽകി തിരിച്ചയ്ക്കും. അപ്പച്ചനെപ്പോലെതന്നെയായിരുന്നു ഞാനും പക്ഷേ ചെറിയ കാര്യം മതി ദേഷ്യപ്പെടാൻ. മേലുകീഴുനോട്ടമില്ല. വായിൽ തോന്നിയ തൊക്കെ വിളിച്ചുപറയും ലക്കില്ലാതെ പ്രവർത്തിക്കും. നാട്ടുകാരൊക്കെക്കൂടി തനി ക്കിട്ട പേര് 'സിസിലിയിലെ മൂർച്ചയേറിയ കഠാര'!!!

ഇല്ല....എന്റെ മുൻകോപത്തെ കീഴടക്കിയേ മതിയാവൂ... ഇല്ലെങ്കിൽ എന്റെ മുൻകോപം എന്നെ കീഴടക്കും. പ്രാർത്ഥനയുടെ മനുഷ്യ നായി മാറി ഫിലിപ്പിനോ. മുട്ടുകുത്തി പ്രാർത്ഥിച്ച് മുൻകോപത്തെ കീഴടക്കി. സ്വയം ശിക്ഷണത്തിലൂടെ പുണ്യപ്രവൃത്തികളിൽ അഭിവൃദ്ധിപ്പെട്ടു. പതുക്കെപ്പതുക്കെ തന്റെ ജീവിതപന്ഥാവേതെന്ന് നിശ്ചയിക്കാൻ തുട ങ്ങി. മുൻകോപിയെന്ന് മുദ്രകുത്തപ്പെട്ടവൻ കർത്താവിന്റെ കരങ്ങളിലെ മൂർച്ചയേറിയ ആയു

**കൈപ്പത്തി നഷ്ടപ്പെടുത്തിയ വന്റെ കാൽക്കൽ കെട്ടിപ്പിടിച്ചു പൊട്ടിക്കരഞ്ഞു. അണപൊട്ടി യൊഴുകിയ പശ്ചാത്താപക്കണ്ണീർ തുടയ്ക്കാൻ ആ പത്തൊൻപതു കാരനായില്ല. അധികകാലംവേണ്ടി വന്നില്ല അവർ ഉത്തമ സുഹൃത്തു ക്കളാകാൻ...തന്റെ മുൻകോപം നഷ്ടപ്പെടുത്തിയത് കൂട്ടുകാരന്റെ കൈപ്പത്തിയാണ്.**






ധമായി. 1631 ഡിസംബർ 13 തന്റെ ഇരുപത്തേഴാമത്തെ വയസ്സിൽ അവൻ കപ്പൂച്ചിൻ സന്ന്യാസസഭയിൽ പ്രവേശിച്ചു. ബർണാർഡ് എന്നായിരുന്നു പുതിയ പേര്. കപ്പൂച്ചിൻ സഭയുടെ വിവിധ ആശ്രമങ്ങളിൽ ഏകാന്തതയെ പ്രണയിച്ചുകൊണ്ട് ബർണാർഡ് ജീവിച്ചു. ആശ്രമത്തിൽ ബർണാർഡ് കുശിനിക്കാരനോ തൊഴുത്തുനോക്കുന്നവന്റെ സഹായിയോ ആയിരിക്കാം. പക്ഷേ ആ സന്ന്യാസിയുടെ സഹായഹസ്തത്തിന് അതിർവരമ്പുകളില്ലായിരുന്നു. സഹസന്ന്യാസികളുടെ ജോലിഭാരം തന്റേതായിത്തന്നെ ഫാ. ബർണാർഡ് സ്വീകരിച്ചു.

സ്വർഗ്ഗീയവിരുന്നായ വി. കുർബാന അർപ്പിക്കുവാൻ അദ്ദേഹം പോയിരുന്നത് ഒരു വിരുന്നിനുപോകുന്ന ഉൽസാഹത്തോടെയായിരുന്നു. ദൈവൈക്യത്തിന്റെയും സ്നേഹത്തിന്റെയും ഒരു വിരുന്നുശാലയായി ദൈവാലയം മാറ്റാൻ അദ്ദേഹം നിരന്തരം പരിശ്രമിച്ചിരുന്നു. പകലത്തെ അത്യധ്വാനത്തിനുശേഷം രാത്രിമുഴുവൻ ദിവ്യനാഥനോടൊത്തു ചെലവഴിക്കുക ബർണാർദച്ചന് ആനന്ദമായിരുന്നു. മദ്യത്തിനും മയക്കുമരുന്നിന്നും അടിപ്പെട്ട് അസാൻമാർഗ്ഗിക ജീവിതം നയിക്കുന്ന യുവാക്കൾ അദ്ദേഹത്തിന്റെ പ്രാർത്ഥനാവിഷയമായിരുന്നു.

ത്യാഗപൂർണ്ണമായ പ്രാർത്ഥന വഴി അന്ധകാരപൂർണ്ണമായ ജീവിതങ്ങൾ വിശുദ്ധിയുടെ വെള്ളിവെളിച്ചത്തിലേക്ക് ആനയിക്കപ്പെട്ടു. രാത്രിയുടെ നിശബ്ദയാമങ്ങളിൽ ദൈവാലയത്തിൽ ആയിരിക്കുന്നതിന്റെ കാരണം ചോദിച്ചാൽ ആ അർപ്പിതൻ ഇങ്ങനെ മറുപടി പറയുമായിരുന്നു. "പരി. ദിവ്യകാരുണ്യത്തെ തനിച്ചാക്കുന്നതു നന്നല്ല. അതിനാൽ എന്റെ സഹവൈദികർ വരുന്നതുവരെ ഞാനെന്റെ നാഥന് കൂട്ടായിരിക്കുന്നു".

ഫിലിപ്പിനോയിൽ നിന്ന് ബർണാർദച്ചനിലേക്ക് ഉയർന്ന ത്യാഗസുരഭിലമായ ആ ജീവിതത്തിന്റെ അവസാനനാളുകൾ അസുഖങ്ങളാൽ പീഡിപ്പിക്കപ്പെട്ടു. എങ്കിലും അൾത്താര ശുശ്രൂഷ അത്യധികം ആനന്ദത്തോടെ അദ്ദേഹം ചെയ്തുപോന്നു. മരണക്കിടക്കയിൽ അദ്ദേഹത്തിന്റെ അവസാനവാക്കുകൾ ഇങ്ങനെയായിരുന്നു: "നമുക്കു പോകാം...നമുക്കു പോകാം....1667 ജനുവരി 12 ന് ദൈവകരങ്ങളിലെ മൂർച്ചയേറിയ ഈ ആയുധം സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു. 2001 ജൂൺ 10 ന് ഫാ. ബർണാർഡോ ദാ കൊർലിയോൺ വിശുദ്ധനായി നാമകരണം ചെയ്യപ്പെട്ടു. കഠാരിയേന്തിയവൻ കർത്താവിന്റെ അൾത്താരയിലേക്ക് ഉയർത്തപ്പെട്ടു.

പൊതുദർശനവേളയിൽ ബനഡിക്റ്റ് 16-ാം മാർപാപ്പ പറഞ്ഞു: "വിശുദ്ധർ കുറ്റമില്ലാത്തവരോ പാപം ചെയ്യാത്തവരോ ആയിരുന്നില്ല. എന്നാൽ ദൈവവുമായി അനുരഞ്ജനപ്പെട്ടവരും പശ്ചാത്താപമുള്ളവരുമായിരുന്നു. വി. പൗലോസ് ശ്ലീഹായുടെ സഹപ്രവർത്തകരായിരുന്നു ബർണബാസ്, അപ്പോളോസ്, സീലാസ് എന്നിവർ. പലപ്പോഴും വി. പൗലോസിന് അവരുമായി അഭിപ്രായ വ്യത്യാസങ്ങളുണ്ടായിരുന്നു. വിശുദ്ധർക്കിടയിലും അഭിപ്രായവ്യത്യാസങ്ങളും ഭിന്നതകളും ഉണ്ടായിരുന്നു. അതുകൊണ്ട് വിശുദ്ധർ സ്വർഗ്ഗത്തിൽ നിന്ന് പൊട്ടിവീണവരാണ് എന്ന ധാരണ തെറ്റാണ്".

മാർപാപ്പയുടെ വാക്കുകൾ എത്രയോ അന്വർത്ഥമാണ്... വിശുദ്ധനായ ബർണാർദച്ചന്റെ കാര്യത്തിൽ. പത്തൊൻപതാമത്തെ വയസ്സിൽ കൊലയാളിയുടെ കൈപ്പത്തി ഒറ്റവെട്ടിന് താഴെയിട്ട ഫിലിപ്പിനോ പശ്ചാത്താപത്തിലൂടെ അനുരഞ്ജനത്തിന്റെ പാതയെ പുൽകി വിശുദ്ധിയിലേക്ക് ഉയർത്തപ്പെട്ടു. നമുക്കേവർക്കും വിശുദ്ധരാകാമെന്ന ഉറപ്പു നൽകി.

### നമുക്കു പ്രാർത്ഥിക്കാം

**യുവാവായ ഈശോയേ, എല്ലാ യുവതീയുവാക്കന്മാരെയും ഞങ്ങൾ അങ്ങേക്കു സമർപ്പിക്കുന്നു. മദ്യത്തിനും മയക്കുമരുന്നിനും അനാശാസ്യ പ്രവർത്തനങ്ങൾക്കും ക്വട്ടേഷൻ സംഘങ്ങൾക്കും അടിപ്പെട്ടവരെ വിശുദ്ധിയുടെ മാർഗ്ഗത്തിലേക്കു നയിക്കണമേ... ഈശോനാഥാ, ചെയ്തുപോയ തെറ്റിനെ മനസ്സിലാക്കി, പശ്ചാത്തപിച്ച് വിശുദ്ധിയുടെ പാതയിൽ ജീവിച്ച വി. ബർണാർഡോയെപ്പോലെ വിശുദ്ധ ജീവിതം നയിക്കാനുള്ള കൃപ ഞങ്ങൾക്കോരുത്തർക്കും നൽകണമേ. ആമ്മേൻ.**

"കുരിശോളമെത്തുന്ന സ്നേഹം
ബലിയായിതീരുന്ന സ്നേഹം
മുറിയപ്പെടും ദിവ്യ സ്നേഹം
ചുടുചോര ചിന്തുന്ന സ്നേഹം

പാദം കഴുകുന്ന സ്നേഹം
പാപം പൊറുക്കുന്ന സ്നേഹം
ജീവൻ പകരുന്ന സ്നേഹം
സ്വയം ശൂന്യമാകുന്ന സ്നേഹം"



# അമ്മയ്ക്കരികെ

ജോയൽ ജേക്കബ് മങ്ങാട്ട്

ദിവ്യകാരുണ്യത്തിലേക്കു നോക്കിയിരുന്നപ്പോൾ കണ്ണീരു ചാലുകീറിയ അമ്മയുടെ മുഖമാ മനസ്സിലേക്കു കടന്നുവന്നത്. രാത്രിയുടെ യാമങ്ങളിൽ തന്റെ വ്യഥകളറിയുന്നവന്റെ മുമ്പിൽ ഹൃദയവികാരങ്ങൾ പകരുകയും പകലിന്റെ നീണ്ട നിമിഷങ്ങളിൽ കഷ്ടപ്പാടിന്റെ സുകൃതത്തിലേർപ്പെടുകയും

ചെയ്ത അമ്മ... അമ്മയ്ക്കിതേ നിർവ്വാഹമുണ്ടായിരുന്നുള്ളൂ...

തനിക്ക് 9 മക്കളെ സമ്മാനമായി നൽകി ഇളയ കുഞ്ഞിന് ഒന്നര വയസ്സുള്ളപ്പോൾ




ദൈവസന്നിധിയിലേക്കു തിരികെ പോയ അപ്പനോട് പരാതിയില്ലാതെ...തന്റെ ജീവിതത്തിന്റെ സുന്ദരമായ യുവത്വത്തിൽ ജീവിതത്തിന്റെ സന്തോഷങ്ങളെക്കുറിച്ച് തിരികെ ചിന്തിക്കാതെ... തന്റെ കുഞ്ഞുങ്ങളുടെ മുഖത്തെ നിഷ്കളങ്ക പുഞ്ചിരിയിൽ തന്റെ നൊമ്പരങ്ങളെ അലിയിച്ച് അവരൊടൊപ്പം പുഞ്ചിരിച്ച്...

തന്റെ കുഞ്ഞുങ്ങളെ ഊട്ടുവാൻ ഹോട്ടലുകളിലേക്ക് മീൻകറിക്ക് മുളകരച്ച് തന്റെ നീറുന്ന കരങ്ങളെ നീറുന്ന ഹൃദയത്തോട് ചേർത്തുവച്ചാശ്വസിച്ച്... ദിവസത്തിന്റെ സായാഹ്നങ്ങളിൽ തന്റെ മക്കളെ ചിറകിനു കീഴെ ചേർത്ത് സുകൃതവഴികൾ ഓതി, ജീവിതം തന്നെ മക്കൾക്കായി ഇല്ലാതാക്കിയ ഒരമ്മ... ദിവ്യകാരുണ്യത്തോളം വളർന്ന, ലോകത്തിലെ ഒരു സാധാരണ അമ്മ എന്നൾക്കു പേരു നൽകാം.

ഇത്ര ധീരതയോടെ ജീവിതത്തെ നേരിടുവാൻ ഈ അമ്മയ്ക്ക് താങ്ങായത് രാത്രിയുടെ യാമങ്ങളിൽ ഹൃദയ വികാരങ്ങൾ പകരുവാൻ കണ്ടെത്തിയ ഇടമാ ദൈവസന്നിധി... *"നിന്റെ ജീവിതം കർത്താവിന് ഭരമേൽപിക്കുക; കർത്താവിൽ വിശ്വാസമർപ്പിക്കുക; അവിടുന്ന് നോക്കിക്കൊള്ളും" സങ്കീ 37:5.* ഇന്നത്തെ ഏതൊരമ്മയ്ക്കും വെല്ലുവിളിയായി നിൽക്കുകയാണ് ഈ അമ്മ.

സുഖസൗകര്യങ്ങൾ പരിമിതപ്പെടും, സ്വാതന്ത്ര്യം കുറയും, സൗന്ദര്യം നഷ്ടപ്പെടും എന്നതിന്റെ പേരിലും, ഇതൊക്കെ വലിയ അലച്ചിലുള്ള പണിയാ എന്നൊക്കെപ്പറഞ്ഞ് മക്കൾക്കു ജന്മം നൽകാൻപോലും മടിക്കുന്ന മാതാപിതാക്കളുടെ കാലമാണിത്.

വേറൊരമ്മയെ പരിചയപ്പെട്ടു, അവൾ 17-ാം വയസ്സിൽ വിവാഹജീവിതത്തിൽ പ്രവേശിച്ചു. ഇപ്പോൾ 30 വയസ്സ്. മൂത്ത കുട്ടിക്ക് 12 വയസ് അതിനു താഴെ 4 മക്കൾ. ജീവിതപങ്കാളി ഇതിനോടകം അപകടത്തിൽ മരണപ്പെട്ടു. മക്കളെ വല്യമ്മയുടെയും ഭർത്താവിന്റെയും ഒക്കെ വീട്ടിലാക്കി ഭാരമൊഴിഞ്ഞ് വീണ്ടും കണ്ടുപിടച്ച വ്യക്തിയുമായി വിവാഹിതയാകുവാൻ തിടുക്കംകൂട്ടി കഴിയുന്ന സ്ത്രീ.

കുടുംബജീവിതം എന്നത് മറ്റൊരു ദിവ്യകാരുണ്യമാകാനുള്ള വിളിയാണ്. ഇത്രമാത്രം ചെറുതാകുന്നതിനുപിന്നിലുള്ള തമ്പുരാന്റെ സ്നേഹക്കടലിന്റെ ആഴമാ നാം തിരിച്ചറിയേണ്ടത്... സ്വർഗ്ഗീയ മഹിമ വെടിഞ്ഞ്, വിണ്ണിന്റെ മഹത്ത്വം ഉപേക്ഷിച്ച് മണ്ണോളം താഴുവാൻ പ്രേരിപ്പിച്ചത് മറ്റൊന്നുമല്ല തന്റെ മക്കളോടുള്ള സ്നേഹമാ... വഴിതെറ്റിയ മക്കളെ നേർവഴിയെ നടത്തുവാൻ അവിടുന്ന് കണ്ടെത്തിയ വഴിയാ നമ്മോടൊപ്പമായിരിക്കുക എന്നത്. നമ്മോടൊപ്പമായിരിക്കുവാൻ തിരഞ്ഞെടുത്ത വഴികളോ? സഹനത്തിന്റെ, വേദനയുടെ, ഇല്ലാതാകലിന്റെ, ശൂന്യമാകലിന്റെ വഴികളും.

മാതാപിതാക്കൾക്ക് ഇത്തരമൊരു ക്ഷണമാ കുടുംബജീവിതത്തിലൂടെ ലഭിക്കുക. ഈ ജീവിതത്തിന്റെ ഭാരപ്പെടുത്തുന്ന ഓർമ്മകളിൽ കരം ചേർത്തുപിടിച്ച് നോക്കേണ്ടത് മറ്റെങ്ങുമല്ല-ദിവ്യകാരുണ്യത്തിലേക്കാണ്. അവിടെ കുരിശോളം എത്തിയ സ്നേഹമുണ്ട്. ദാമ്പത്യജീവിതത്തിൽ പൊരുത്തക്കേടുകൾ ഏറുന്നുണ്ടോ? പാദം കഴുകിയ സ്നേഹിതനിതാ നിന്റെ മുമ്പിൽ... പരസ്പരം ബലിയായി നൽകേണ്ടതാണ് ഈ ജീവിതം എന്നോർമ്മപ്പെടുത്തിക്കൊണ്ട്... ജീവൻ പകരുന്ന സ്നേഹവുമായി ദിവ്യകാരുണ്യം നമ്മോടൊപ്പം ഉണ്ട്. അപരന്റെ കുറവിനെ പൊറുക്കണമെങ്കിൽ സ്വയം ശൂന്യമാകണം എന്ന് ജീവിതം കൊണ്ട് നമ്മെ ഓർമ്മിപ്പിക്കുന്നു ഈ സ്നേഹം.

ഈ അടുത്ത നാളിലാ ദിവ്യകാരുണ്യത്തോളം വളർന്ന ആ അമ്മയുടെ 30 വയസ് തികയാത്ത ഇളയ മകൾ ആകസ്മികമായി മരണപ്പെട്ടത്. ആ അമ്മ ജീവിച്ചിരുന്നുവെങ്കിൽ നൊമ്പരപ്പെടുന്ന മക്കളെയെല്ലാം അരികിലിരുത്തി ഇങ്ങനെ അമ്മ ആശ്വസിപ്പിച്ചേനെ:

**"സ്നേഹിക്കുന്ന ദൈവം നമ്മെ തന്റെ കൈവെള്ളയിലെടുത്ത് തന്റെ നെഞ്ചോടു**

**ചേർത്തു പിടിക്കുമ്പോൾ നമുക്കനുഭവപ്പെടുന്ന ചൂടാ മക്കളെ സഹനം".**

*"വരുന്ന ദുരിതങ്ങളെല്ലാം സ്വീകരിക്കുക; ഞെരുക്കുന്ന ഭൗർഭാഗ്യങ്ങളിൽ ശാന്തത വെടിയരുത്. എന്തെന്നാൽ സ്വർണ്ണം അഗ്നിയിൽ ശുദ്ധി ചെയ്യപ്പെടുന്നു; സഹനത്തിന്റെ ചൂളയിൽ കർത്താവിന് സ്വീകാര്യരായ മനുഷ്യരും" പ്രഭാ 2:4-5.*

വളരെ ലാഘവത്തോടെ ദുരിതങ്ങളെയെല്ലാം ഇരുകരം നീട്ടി സ്വീകരിക്കുവാൻ ഈ അമ്മമാർക്കെങ്ങനെയാ സാധിക്കുക? നമ്മുടെ അമ്മമാരുടെയൊക്കെ മുമ്പിൽ ദിവ്യകാരുണ്യത്തോടൊപ്പം മറ്റൊരു അമ്മ ബലമായി നിൽപ്പുണ്ട്. വളരെ അസ്വസ്ഥയാകുന്ന വാർത്തയ്ക്കു മുമ്പിലും "ഇതാ ഞാൻ കർത്താവിന്റെ ദാസി" എന്നുപറഞ്ഞ് ശിരസ്സു നമിച്ച, ഹൃദയത്തിലൂടെ വാൾകടക്കുന്ന അനുഭവങ്ങൾക്കു മുമ്പിൽ സ്വച്ഛമായി ഒഴുകുന്ന അരുവിപോലെ മന്ദസ്മിതത്തോടെ കടന്നുപോയ പരി. അമ്മ.

ശ്ലീഹാക്കാലത്തിലൂടെ കടന്നുപോകുന്ന നാം ഈ അമ്മയെ പ്രത്യേകം ഓർമ്മിക്കേണ്ടതുണ്ട്. എല്ലാം നഷ്ടപ്പെട്ടു എന്ന ദുഃഖത്തിൽ മ്ളാനവദനരായി, ശക്തിചോർന്നവരായി, ഭീരുക്കളായി ഒരു മുറിക്കുള്ളിൽ ഒതുങ്ങിയിരുന്നവരെ ധൈര്യമുള്ളവരാക്കിയത് അമ്മയുടെ സാന്നിധ്യമാണ്. ഈശോയുടെ മരണത്തിനു ശേഷം അവർക്കാശ്രയമായുണ്ടായിരുന്നത് ഈ അമ്മയാണ്. പരി. അമ്മ ആശ്രയം നൽകുന്ന അമ്മയായി എന്നും നമ്മുടെ ജീവിതയാത്രയിലും ഉണ്ട്. പുഞ്ചിരിച്ചുകൊണ്ട്, ഭയപ്പെടേണ്ട എന്നു മന്ത്രിച്ചുകൊണ്ട്... സെഹിയോൻ മാളികയിൽ ശ്ലീഹന്മാരോടൊപ്പം പരിശുദ്ധാത്മനിറവിനായി പ്രാർത്ഥനാനിരതയായിരുന്ന അമ്മയോട് നമുക്കും യാചിക്കാം "വിശുദ്ധിയുടെ മാതൃകയായ മറിയത്തിന്റെ വിമല ഹൃദയമേ, വിശുദ്ധരാകാമെന്ന പ്രത്യാശ ഞങ്ങൾക്കു നൽകണമേ".

**"സ്നേഹിക്കുന്ന ദൈവം നമ്മെ തന്റെ കൈവെള്ളയിലെടുത്ത് തന്റെ നെഞ്ചോടുചേർത്തു പിടിക്കുമ്പോൾ നമുക്കനുഭവപ്പെടുന്ന ചൂടാ മക്കളെ സഹനം".**



**"വിശുദ്ധിയുടെ മാതൃകയായ മറിയത്തിന്റെ വിമല ഹൃദയമേ, വിശുദ്ധരാകാമെന്ന പ്രത്യാശ ഞങ്ങൾക്കു നൽകണമേ".**






# താമരപ്പൂക്കിളിയേ!

**എം.സി. ഇൽഡെഫോൺസ്**
സോഷ്യൽ ആനിമേറ്റർ

ഒരമ്മ തന്റെ കുഞ്ഞിനെ ലാളിക്കാൻ, സന്തോഷിപ്പിക്കാൻ, രസിപ്പിക്കാൻ, ചിരിപ്പിക്കാൻ എന്തെല്ലാം മധുരവാക്കുകളും പാട്ടുകളുമാണ് അമ്മയുടെ ഹൃദയത്തിൽനിന്നും പുറത്തേക്കൊഴുക്കുന്നത്! ഇതു എത്ര സ്വാഭാവികം!

തന്റെ ജീവരക്തമാകുന്ന അമ്മിഞ്ഞപ്പാലൂട്ടുമ്പോൾ അമ്മ അനുഭവിക്കുന്ന നിർവൃതി അവാച്യമാണ്. കയ്യാണോ കാലാണോ വളരുന്നതെന്നു നോക്കിയിരിക്കുന്ന അമ്മ കുഞ്ഞു വളരുന്നതനുസരിച്ച് അതിന്റെ ഭാവിക്കുവേണ്ടി ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകുന്നു.

കുഞ്ഞിനു തിരിച്ചറിവാകുന്നതോടെ ഉപദേശനിർദ്ദേശങ്ങൾക്കു മാറ്റം വരുത്താനും അമ്മ മറക്കുന്നില്ല.

''മകളേ, രാത്രിയിൽ കിടക്കുന്നതിനു മുൻപ് ദൈവത്തിനു നിന്നേയും നിനക്കുള്ളവരേയും നിനക്കുള്ളവയേയും സമർപ്പിച്ചു പ്രാർത്ഥിക്കുക. കഴിഞ്ഞുപോയ പകൽ മോളെങ്ങനെ ചെലവഴിച്ചുവെന്നു തിരിഞ്ഞുനോക്കുക. എന്തെങ്കിലും തെറ്റുപറ്റിയോ എന്നും ആലോചിക്കുക. തെറ്റു ചെയ്തു പോയെങ്കിൽ പശ്ചാത്തപിച്ച് തമ്പുരാനോടു ഹൃദയത്തിൽ മാപ്പപേക്ഷിക്കുക. പകൽ എന്തെങ്കിലും നന്മ ചെയ്തോ, പുതിയതായി വല്ലതും പഠിച്ചോ എന്നും ചിന്തിക്കുക. അങ്ങനെയെങ്കിൽ മകളേ, നീ കഴിഞ്ഞ പകൽ നേടി. മറിച്ചാണെങ്കിൽ നീ അതു നഷ്ടമാക്കി. അതിൽ നിനക്കു കുറ്റബോധവും സങ്കടവും തോന്നാം".

"കിടക്കയെ പ്രാപിക്കു മുൻപ്, മകളേ നിന്നെത്തന്നെ തമ്പുരാന്റെ കരങ്ങളിൽ സമർപ്പിക്കുക. ദൈവത്തിന്റെ മടിയിൽ തന്നെയാണ് അഭയം പ്രാപിച്ചിരിക്കുന്നതെന്നു കരുതി നീ അവിടെ ശാന്തമായി കിടന്നുറങ്ങുക".

''രാവിലെ ഉണരുമ്പോൾ ഓർക്കുക ആരാണ് രാത്രിയിൽ നീ സുഖമായി ഉറങ്ങിയപ്പോൾ നിന്നെ ആപത്തൊന്നും കൂടാതെ സംരക്ഷിച്ചതും നിന്നെ കരുതലോടെ നോക്കിയിരുന്നതും എന്ന്".




"നിന്റെ ചുറ്റും പ്രസരിക്കുന്ന ഈ സൂര്യ തേജസ് ആരുടേതാണ്! എവിടെനിന്നാണ് ഈ പ്രസന്നമായ പകലിന്റെ വെള്ളിവെളിച്ചം"!

"ദൈവത്തിന്റെ കാരുണ്യവും നിന്നെക്കുറിച്ചുള്ള കരുതലും മനസ്സിലാക്കി ദൈവത്തിന്റെ മുമ്പിൽ നന്ദിനിറഞ്ഞ മനസ്സോടെ നമിക്കുക. ഉറങ്ങാത്ത ഈ പകൽ സമയം ദൈവത്തിന്റെ സംരക്ഷണത്തിനായി പ്രാർത്ഥിക്കുക. ദൈവം നമ്മെ സൃഷ്ടിച്ചത് ദൈവത്തിന്റെ വിശുദ്ധിയിലേക്കുള്ള വിളി ശ്രവിക്കുവാനാണ്. അതിനു കാതോർത്താൽ നമ്മുടെ ജീവിതം ധന്യമായി. നമ്മുടെ ചിന്തയിലും വിചാരവികാരങ്ങളിലും വിശുദ്ധിയിൽ ജീവിക്കുവാൻ സാധിച്ചാൽ നാം ദൈവത്തെ നേടിക്കഴിഞ്ഞു".

"മകളേ, ഇനി നിന്റെ ജീവിതയാത്രയിൽ നീയറിഞ്ഞിരിക്കേണ്ട ചില കാര്യങ്ങൾക്കൂടെ പറയട്ടെ. അതു നിന്നെ പ്രഗത്ഭവതിയാക്കുമെന്നോർക്കുക. നീ ഊട്ടുമേശയിൽ ഇരിക്കുമ്പോൾ ഭക്ഷണം കഴിക്കുന്നത് ആർത്തിയോടെയാവരുത്. സാവധാനം ഭക്ഷണം കഴിക്കുവാൻ ശീലിക്കുക. ദൂരെയിരിക്കുന്ന ഭക്ഷണ സാധനങ്ങൾ ചാടിക്കടന്നു എടുക്കാൻ ശ്രമിക്കാതെ അടുത്തിരിക്കുന്നവരുടെ സഹായം തേടുക".

"ജീവിതത്തിൽ എല്ലാം മോൾക്കു ലഭിക്കുമെന്നു ഒരിക്കലും ആഗ്രഹിക്കരുത്. അതിൽ കോപാകുലതയോ നീരസമോ പ്രകടിപ്പിക്കയുമരുത്. മോൾക്കു എന്തുകിട്ടുന്നുവോ അതുകൊണ്ടു തൃപ്തിപ്പെടുവാൻ ശ്രദ്ധിക്കുക".

"എപ്പോഴും കോപമുഖഭാവവും നോട്ടവും വാക്കുകളും ഒഴിവാക്കുക. ശബ്ദമുണ്ടാക്കും വിധം വാതിലുകൾ വലിച്ചടയ്ക്കരുത്. ശബ്ദമുണ്ടാകാത്തവിധം ഗോവണിപ്പടികൾ കയറിയിറങ്ങുവാൻ ശ്രദ്ധിക്കുക. വീട്ടിലും പരിസരങ്ങളിലും വലിയ ശബ്ദമുണ്ടാക്കാതെ പെരുമാറുവാൻ ശീലിക്കുക. പെരുമാറ്റത്തിൽ ദയയും മര്യാദയും പുലർത്തുക".

"ശീതകാലത്തെ അലറിയടിക്കുന്ന കൊടുങ്കാറ്റുപോലെയാവാതെ വേനൽക്കാലത്തെ തിളങ്ങുന്ന പ്രഭാതത്തെപ്പോലെയാവട്ടെ നിന്റെ ജീവിതം. മാതാപിതാക്കളുടെ വിളിക്കു പ്രത്യുത്തരം നൽകുക. അവരെ അനുസരിക്കുക. അതു ചെയ്യേണ്ടതു തികഞ്ഞ സന്നദ്ധതയോടും പ്രസന്നവദനത്തോടെയുമായിരിക്കട്ടെ. നിന്റെ മാതാപിതാക്കൾ അറിയുമ്പോൾ അവരുടെ മുമ്പിൽ ലജ്ജിക്കാൻ ഇടവരുന്നയാതൊന്നും നീ ചെയ്യാൻ തയ്യാറാവരുത്. ആരും കാണുന്നില്ല എന്നു കരുതിയാലും എല്ലാം കാണുന്ന ഒരാളുണ്ട്. ഓർക്കുക ഏതു ഹൃദയ രഹസ്യമായാലും അതെല്ലാം ദൈവത്തിനറിയാം".

''സന്തോഷത്തോടെ കഴിയാനാണ് ദൈവം മനുഷ്യരേയും മറ്റെല്ലാ ജീവജാലങ്ങളേയും സൃഷ്ടിച്ചത്. എന്നാൽ തക്കതായ കാരണമില്ലാതെ ആർക്കും ഒന്നിനും സാധ്യമല്ല എന്നോർക്കുക".

"എല്ലാം ദൈവത്തിനു സമർപ്പിച്ചുകൊണ്ട് ഇനിമേൽ കിടന്നുറങ്ങിക്കോളൂ".

അമ്മ മകളേയും കെട്ടിപ്പിച്ചുകൊണ്ട് പാടി
"താമരപ്പൂങ്കിളിയേ നീയുറങ്ങിയോ!!"

N.B: ഒരു ആംഗലേയ കുറിപ്പിനോടു കടപ്പാട്.






# എത്ര മനോഹരി ഈ അമ്മ!



**ജിൽബി പുരയിടത്തിൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

ഫെബ്രുവരി 15ന് ദീപിക ദിനപത്രത്തിൽ വന്ന ചിത്രമാണിത്. ഇത് പലരും ശ്രദ്ധിച്ചിട്ടുണ്ടാവണം. കാരണങ്ങൾ പലതാകാം. എന്നെ സ്പർശിച്ച രണ്ടു കാര്യങ്ങൾ നിങ്ങളുമായി പങ്കുവയ്ക്കട്ടെ - ഓരോ പെറ്റമ്മയും ആഗ്രഹിക്കുന്നതും ഒരു മകൾ കൊടുക്കേണ്ടതുമായ സ്നേഹത്തലോടലും ലാളിത്യമാർന്ന വസ്ത്രധാരണ രീതിയും. നമുക്ക് അഭിമാനിക്കാം, വളരുന്ന നമ്മുടെ ഇന്ത്യയിലും മാഞ്ഞുപോയിട്ടില്ല പരിശുദ്ധ സ്നേഹവും ലളിതമായ വസ്ത്രധാരണരീതിയും.

പെറ്റമ്മയോടുള്ള സ്നേഹത്തിന് എത്രമാത്രം ആഴമുണ്ടോ അത്രമാത്രം നാം പ്രകടിപ്പിക്കണം. പത്തുമാസം ചുമന്ന് ഒരു പോറലുമേല്ക്കാതെ വളർത്തുന്ന അമ്മമാരെ നാം സ്നേഹിക്കണം; ആദരിക്കണം. ദൈവപുത്രന് ജന്മം നല്കാൻ പിതാവായ ദൈവം തിരഞ്ഞെടുത്ത പരി. കന്യകാമറിയം 'ഇതാ ഞാൻ; കർത്താവിന്റെ ദാസി' എന്നു പറഞ്ഞ് എല്ലാ സഹനവും സന്തോഷത്തോടെ സഹിച്ച് പുത്രന് ജന്മം നല്കി. അവസാനം കുരിശുമരണംവരെ പുത്രന്റെ നിഴലായി കൂടെയുണ്ടായിരുന്നു. നമ്മുടെ ജനനവും ഇപ്രകാരമല്ലേ...? കർത്താവിന്റെ മുമ്പിൽ നമ്മുടെ അമ്മമാർ പറഞ്ഞ 'ഇതാ ഞാൻ' എന്ന മറുപടിയുടെ സമ്മാനങ്ങളല്ലേ നാം... മാതൃത്വത്തിന്റെ മഹനീയതയ്ക്ക് കോട്ടംവരുത്തി സ്വന്തം ഉദരം കൊലക്കളമാക്കുന്നവരും വളർത്തി വലുതാക്കിയ മാതാപിതാക്കളെ കറിവേപ്പിലപോലെ ഉപേക്ഷിക്കുന്നവരും വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ, തിരുക്കുടുംബത്തിന്റെ ജീവി





തവിശുദ്ധിയാണ് നമുക്ക് വെളിച്ചമാകേണ്ടത്.

ദൈവം സൃഷ്ടിച്ച മനുഷ്യന്റെ പോക്ക് എങ്ങോട്ടാണെന്ന് ചിന്തിക്കാതിരിക്കാനാവില്ല. ലോകത്തിന്റേതായവയെല്ലാം ഒരു പരിധിവരെ മനുഷ്യന് നല്ലതാണ്. വസ്ത്രത്തിന്റെ കാര്യം മാത്രമെടുക്കാം. ശരീരത്തെ മറയ്ക്കുന്നതും സംസ്കാരത്തിനു യോജിച്ചതുമായ വസ്ത്രങ്ങളാണ് നാം തിരഞ്ഞെടുക്കേണ്ടത്. ഇന്ന് ചില കുഞ്ഞുങ്ങളെ നോക്കിയാൽ പകുതി വസ്ത്രമില്ലാത്ത അവസ്ഥയാണ്. ചിത്രത്തിൽ കാണുന്നതുപോലെ, അന്യനാട്ടിൽ ജനിച്ച സോണിയാഗാന്ധിയുടെയും മകൾ പ്രിയങ്കയുടെയും വസ്ത്രധാരണം ഒരിക്കലും ഒരാളും കുറ്റംപറയുന്ന ഒന്നല്ല. റോൾ മോഡൽസിനെ അനുകരിക്കുന്ന ഇക്കാലത്ത് എന്തേ നമ്മുടെ കുഞ്ഞുങ്ങൾ ഇത് അനുകരിക്കാത്തത് എന്നു ചിന്തിച്ചുപോകുന്നു.

മാതാപിതാക്കളേ, നിങ്ങൾ ജന്മംനല്കി വളർത്തിയ മക്കളോട് അവരുടെ ശരീരം പ്രദർശനവസ്തുക്കളാക്കരുതെന്ന് പറഞ്ഞുമനസ്സിലാക്കാൻ നിങ്ങൾ കടപ്പെട്ടവരാണ്. നിങ്ങൾതന്നെ നിങ്ങളുടെ മക്കളുടെ കൊലയാളികളാകരുത്. പരിശുദ്ധസ്നേഹവും നല്ല വസ്ത്രധാരണരീതിയുമുണ്ടായാൽ ഇപ്പോൾ നടക്കുന്ന പല തെറ്റുകളും ദൈവത്തിന്റെ നാട്ടിൽനിന്ന് മായ്ക്കപ്പെടും. ഓഗസ്റ്റ് 15 ന് നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യദിനാചരണത്തോടൊപ്പം പരി. അമ്മയുടെ സ്വർഗ്ഗാരോപണവും ആഘോഷിക്കപ്പെടുകയാണല്ലോ. ഇന്നത്തെ മാതാക്കൾക്ക് മാതൃകയാകേണ്ടത് പരി. മറിയമാണ്. പാപത്തിന്റെ അടിമത്തത്തിൽനിന്നും മനുഷ്യഹൃദയങ്ങളെ ആത്മീയ സ്വാതന്ത്ര്യത്തിലേക്കു നയിക്കുവാൻ തന്റെ തിരുക്കുമാരനോടൊപ്പം പരി. അമ്മ വഹിച്ച പങ്ക് ഒട്ടും ചെറുതല്ല. മൂല്യങ്ങളിൽ അടിസ്ഥാനമിട്ട ജീവിതത്തിലൂടെ യഥാർത്ഥസ്വാതന്ത്ര്യത്തിലേക്ക് മക്കളെ നയിക്കുവാൻ പരി. കന്യകാമറിയം എല്ലാ മാതാപിതാക്കളെയും സഹായിക്കട്ടെ.

**മാതാപിതാക്കളേ, നിങ്ങൾ ജന്മം നല്കി വളർത്തിയ മക്കളോട് അവരുടെ ശരീരം പ്രദർശനവസ്തുക്കളാക്കരുതെന്ന് പറഞ്ഞു മനസ്സിലാക്കാൻ നിങ്ങൾ കടപ്പെട്ടവരാണ്. നിങ്ങൾ തന്നെ നിങ്ങളുടെ മക്കളുടെ കൊലയാളികളാകരുത്.**






# ലോകത്തിന്റെ പ്രകാശമാകുവാൻ വിളിക്കപ്പെട്ടവർ

**Sqn. Ldr. K.S. Mathew**
(Retd.)

കേരളത്തിൽ ഏറ്റവും അധികം ദൈവാലയങ്ങൾ, ആശുപത്രികൾ, വിദ്യാലയങ്ങൾ, അനാഥാലയങ്ങൾ, ധ്യാനമന്ദിരങ്ങൾ എന്നിവയും ഏറ്റവും അധികം വൈദികർ സന്ന്യാസിനികൾ എന്നിവരുടെ സേവനങ്ങളും ലഭ്യമായിട്ടുള്ള സമൂഹമാണ് കത്തോലിക്കരായ നമ്മൾ. നമ്മുടെ സംസ്ഥാനം ആരോഗ്യം, വിദ്യാഭ്യാസം, സാമ്പത്തികം എന്നീമേഖലകളിൽ കൈവരിച്ച അത്ഭുതകരമായ നേട്ടങ്ങൾക്ക് അടിസ്ഥാനം നമ്മുടെ അദ്ധ്വാനവും പരിശ്രമവുമാണെന്നു പറഞ്ഞാൽ അതിനെ നിരാകരിക്കുവാൻ ആർക്കും സാധിക്കുകയില്ല. ഇതിൽനിന്നും കത്തോലിക്കരായ നമ്മൾ ഇതര ജനവിഭാഗങ്ങൾക്കിടയിൽ ഭൂമിയുടെ ഉപ്പും (മത്താ.5:13) മാവിലെ പുളിമാവുമായ് (മത്താ.13:33) വർത്തിച്ചു എന്നത് നമുക്കേവർക്കും അഭിമാനകരമാണ്.

ഉപ്പും പുളിമാവും പൂർണ്ണമായും ഇല്ലാതായി മറ്റു വസ്തുക്കളിൽ ചേർന്നാണ് അതിന്റെ സ്വഭാവം കൈമാറുന്നത്. അതുപോലെ നമ്മളും നമ്മുടെ എല്ലാ സ്വഭാവസവിശേഷതകളും ഇതര ജനസമൂഹങ്ങൾക്ക് കൈമാറിയിട്ടുണ്ടെന്ന് സംശയമെന്യേ കരുതാവുന്നതാണ്. തൽഫലമായി മേൽപ്പറഞ്ഞ നേട്ടങ്ങൾ കൂടാതെ മറ്റ് പല രംഗങ്ങളിലും




കേരളത്തിന് ഇൻഡ്യയിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കുവാൻ സാധിച്ചു. അവയിൽ ചിലതാണ് മദ്യമാംസാദിയുടെ ഉപയോഗം, മദ്യവിപണനം, മാനസ്സികരോഗം, ആത്മഹത്യ, സ്ത്രീകൾക്കെതിരെയുള്ള ആക്രമണങ്ങൾ, സാമ്പത്തിക തട്ടിപ്പുകൾ, കൈകൂലി, കരിംചന്ത, നോക്കുകൂലി, പൊതുനിരത്തിലൂടെയുള്ള പ്രകടനങ്ങൾ, റാലികൾ, ബന്ദ് - ഹർത്താൽ എന്നിവ. മദ്യവിപണനത്തിൽ ഒന്നാമതായ് നില്ക്കുന്ന ജില്ലകളായ തൃശ്ശൂർ, എറണാകുളം, കോട്ടയം എന്നിവ കത്തോലക്കരിൽ ഭൂരിഭാഗ വും താമസിക്കുന്നവയാണ്. കേരളത്തിലെ വൻകിട മദ്യവ്യാപാരികളിൽ ഭൂരിപക്ഷവും കത്തോലിക്കരാണെന്ന വസ്തുത നമ്മെ ലജ്ജിപ്പിക്കേണ്ടതാണ്. അതുപോലെതന്നെ കേരളത്തിൽ മദ്യവിപണനം അതിന്റെ ഉച്ചകോടിയിലെത്തുന്നത് ക്രിസ്തുമസ്സ്, ഈസ്റ്റർ എന്നീ തിരുനാളുകളോടനുബന്ധിച്ചാണെന്ന സ്ഥിതിവിവരക്കണക്കുകൾ നമ്മുടെ ധാർമ്മികതയുടെ അളവുകോലായി കരുതാവുന്നതാണ്. കത്തോലിക്കർ ധാരാളമുള്ള കോട്ടയം ജില്ലയിലെ മദ്യശാലകളുടെ എണ്ണവും അവയുടെ ആഡംബരതയും, കത്തോലിക്കർ നന്നേ കുറവുള്ളതും എന്നാൽ ക്രിസ്ത്യാനികൾ ധാരാളമുള്ളതുമായ പത്തനംതിട്ട ജില്ലയിലെ മദ്യശാലകളുടെ പരിമിതമായ എണ്ണവും അവയുടെ ജീർണ്ണിതാവസ്ഥയും, നമ്മുടെ അധാർമ്മികതയുടെ നിലനില്ക്കുന്ന സാക്ഷ്യമായി കരുതാവുന്നതാണ്.

കുമ്പസാരം, കുർബാന എന്നീ കൂദാശകളിലൂടെ വിശുദ്ധ ജീവിതം നയിക്കുവാൻ എല്ലാവിധ സംവിധാനങ്ങളുമുള്ള നമ്മൾ, ഇവയൊന്നുമില്ലാത്ത ക്രൈസ്തവ സഹോദരങ്ങളെക്കാൾ, ധാർമ്മികാധഃപതനത്തിൽ കഴിയുന്നത് വളരെ ദയനീയമാണ്. കഴിഞ്ഞ 30 വർഷത്തിനുള്ളിൽ കേരളത്തിൽ ധാരാളം കരിസ്മാറ്റിക് ധ്യാനകേന്ദ്രങ്ങൾ ഉയരുകയും അവയുടെ സ്തുത്യർഹമായ സേവനത്തിലൂടെ ലക്ഷോപലക്ഷംപേർ ധ്യാനിച്ച് മാനസാന്തരപ്പെട്ട് സ്വഭവനത്തിലേക്ക് വരുകയുമുണ്ടായി. അതിൽ കുറെപ്പേർ ക്രിസ്തുവിനു വലിയ സാക്ഷ്യം നല്കുന്നുമുണ്ട്. എന്നാൽ ഇതേ കാലയളവിൽ നമ്മുടെയിടയിൽ മദ്യപാന ശീലം ഏതാണ്ട് പൂർണ്ണവളർച്ചയിലെത്തി കുടുംബങ്ങളെ ആകെ ഗ്രസിച്ചിരിക്കുകയാണ്. മദ്യപാനം പല തിന്മകളുടെയും മാതാവാണ്. അതുകൊണ്ട് എല്ലാവിധ തിന്മകളും നമ്മുടെ ഇടയിൽ വർദ്ധിച്ചു എന്ന് ന്യായമായും അനുമാനിക്കാം. ധ്യാനിച്ചുപോകുന്നവരുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് വ്യാപകമായ ഒരു ആത്മീയമാറ്റം നമ്മുടെ ഇടയിൽ ഉണ്ടായി എന്നു പറയുവാൻ തക്ക സൂചനകൾ ഒന്നും കാണുന്നില്ല. കാരണം ധ്യാനിച്ച് പോകുന്നവർക്ക് ലഭ്യമായ ചൈതന്യത്തിൽ നിലനില്ക്കുവാനും വളരുവാനും സാധിക്കുന്നില്ല. അവർ പ്രലോഭനങ്ങളിൽ അകപ്പെട്ട് വീണുപോകുകയും ചെയ്യുന്നു. നമ്മുടെ സമൂഹത്തിന്റെ ധാർമ്മികാധഃപതനത്തിന്റെ മൂലകാരണങ്ങളും അവയ്ക്കുള്ള പ്രതിവിധികളും കണ്ടുപിടിക്കുകയും നിർദ്ദേശിക്കുകയും ധ്യാനത്തിനുശേഷം പ്രലോഭങ്ങളെ അതിജീവിക്കുവാൻ കരുത്തുള്ളവരായ് വിശ്വാസികളെ രൂപപ്പെടുത്തുകയും ചെയ്താൽ ധ്യാനങ്ങൾ കൂടുതൽ ഫലപ്രദമാവുകയും നമ്മുടെ സമൂഹത്തിൽ ആത്മീയ മുന്നേറ്റം ഉണ്ടാകുകയും ചെയ്യും. കേരളത്തിലെ കത്തോലിക്കർ ഇന്ന് ലോകത്തിന്റെ മുക്കിലും മൂലയിലും എത്തിയിരിക്കുന്നു. അതുകൊണ്ട് നമ്മൾ ഉണർന്നാൽ ലോകം ഉണരും.

## കത്തോലിക്കാ വിശ്വാസവും വിശുദ്ധ കുർബാനയും

മാമ്മോദീസായിലൂടെ ദൈവമക്കളായ ക്രിസ്ത്യാനിയുടെ ജീവിതം ഉത്ഥിതനായ മിശിഹായുമായി ഐക്യപ്പെട്ടിരിക്കുന്നു (റോമാ 6:2-5). ഈശോ ഉത്ഥാനത്തിനുശേഷം മഹത്ത്വീകരിക്കപ്പെട്ട ശരീരത്തോടെ ഈ ലോകത്തിൽ 40 ദിവസം ജീവിച്ച് സ്വർഗ്ഗത്തിലേക്ക് സംവഹിക്കപ്പെട്ടു (നട.1:1-3). അതേപോലെ ക്രിസ്ത്യാനികളായ നമ്മളും മിശിഹായുടെ ഉത്ഥാനത്തിന്റെ മഹത്ത്വത്തിൽ പങ്കാളികളായ് ജീവിച്ച് സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെ


ട്ടേണ്ടവരാണ് (1 തെസ 4:17). ഈ ബോധ്യ മുണ്ടായിരുന്ന ആദിമസഭ അവരുടെ ജീവിതം നയിച്ചിരുന്നത് അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പംമുറിക്കൽ, പ്രാർത്ഥന (നട 2:41-42) എന്നിവയിൽ സജീവമായി പങ്കെടുത്തുകൊണ്ടാണ്. ഈ അപ്പം മുറിക്കൽ കൂട്ടായ്മ വിശുദ്ധ കുർബാനയുടെ ആദ്യകാല രൂപമായിരുന്നു.

**കത്തോലിക്കാ വിശ്വാസം**

കത്തോലിക്കരായ നമ്മൾ വിശ്വാസം ഏറ്റുപറയുന്നത് വിശ്വാസപ്രമാണത്തിലൂടെയാണ്. അതിലെ മുഖ്യപ്രതിപാദ്യവിഷയമാകട്ടെ ഈശോയിലൂടെ പൂർത്തിയായ ദൈവത്തിന്റെ രക്ഷാകരപദ്ധതിയും. അത് മംഗലവാർത്ത, മനുഷ്യാവതാരം, പരസ്യജീവിതം, പീഡാനുഭവം, കുരിശുമരണം, ഉത്ഥാനം, സ്വർഗ്ഗാരോഹണം, മിശിഹായുടെ മഹത്ത്വപൂർണ്ണമായ രണ്ടാം വരവ് എന്നീ സംഭവങ്ങളുടെ പൂർത്തീകരണമാണ്. ഈശോയിൽ വിശ്വസിക്കുക എന്നാൽ അവനിലൂടെ പൂർത്തീകരിക്കപ്പെട്ട ദൈവത്തിന്റെ രക്ഷാകര പദ്ധതിയിൽ വിശ്വസിക്കുക എന്നതാണ്. ഈ രക്ഷാകരപദ്ധതി നമ്മുടെ മുൻപിൽ അനാവൃതമാകുന്നത് വിശുദ്ധ കുർബാനയിലൂടെയാണ്.

ദൈവത്തിന്റെ രക്ഷാകരപദ്ധതി 2000 വർഷങ്ങൾക്ക് മുൻപ് പൂർത്തിയായത് ഇപ്പോൾ എങ്ങനെ കൺമുൻപിൽ അനാവൃതമാകും എന്നത് ഒരു സംശയമായി നിലകൊള്ളാം. ഈശോ പൂർണ്ണമനുഷ്യനായിരുന്നതുകൊണ്ട് അവൻ രക്ഷാകരപദ്ധതി മാനുഷിക കാലഗണന അനുസരിച്ച് 2000 വർഷങ്ങൾക്കു മുൻപ് പൂർത്തിയാക്കി. അതേസമയം ഈശോ പൂർണ്ണദൈവമായതിനാൽ അവനിലൂടെ പൂർത്തിയായ രക്ഷാകരപദ്ധതി ദൈവീക സമയത്തിൽ (എല്ലാം വർത്തമാനത്തിൽ കാണുന്ന) എന്നേയ്ക്കും നിലനില്ക്കുന്നു. അൾത്താരയിൽ വിശുദ്ധ കുർബാന അർപ്പിക്കുമ്പോൾ ഓരോ രക്ഷാകരസംഭവങ്ങളിലൂടെ കടന്നുപോയി പൂർത്തിയാക്കുവനേ മനുഷ്യന് സാധിക്കൂ. എന്നാൽ വിശുദ്ധ കുർബാനയുടെ ഒരോ നിമിഷത്തിലും ദൈവികമായ രക്ഷാകര പദ്ധതി അതിന്റെ പൂർണ്ണതയിൽ അൾത്താരയിൽ സന്നിഹിതമാണ്.

ഓരോ വിശുദ്ധ കുർബാന അർപ്പിക്കുമ്പോഴും അതിൽ പങ്കാളികളാകുന്നത് അർപ്പിക്കുന്ന വൈദികനും വിശ്വാസികളും മാത്രമല്ല, പ്രത്യുത പരിശുദ്ധ അമ്മയും, സകല വിശുദ്ധന്മാരും, സകല മാലാഖാമാരും, സ്വർഗ്ഗവാസികളും ഭൂവാസികളുമായ എല്ലാ വിശ്വാസികളും ആണ്. അതുപോലെ ലോകമെമ്പാടും അർപ്പിക്കപ്പെടുന്ന വിശുദ്ധ കുർബാനയോടും ചേർന്നാണ് ഒരോ വിശുദ്ധ കുർബാനയും അർപ്പിക്കപ്പെടുന്നത്. പരിശുദ്ധ ത്രിത്വത്തിന്റെ മുൻപാകെ സ്വർഗ്ഗവും ഭൂമിയും ഒന്നാകുന്ന വേദിയായി വിശുദ്ധ കുർബാന അർപ്പിക്കുന്ന അൾത്താര മാറുന്നു. അവിടെ നടക്കുന്ന ദൈവാരാധനയെക്കാൾ ശ്രേഷ്ഠമോ അതിനോട് തുലനം ചെയ്യാവുന്നതോ ആയ ഒരു തിരുക്കർമ്മവുമില്ല. രണ്ടാം വത്തിക്കാൻ സൂനഹദോസ് വിശുദ്ധ കുർബാനയെപ്പറ്റി



പറയുന്നത്; സഭയുടെ എല്ലാ പ്രവർത്ത നങ്ങളുടേയും ഉച്ചകോടിയും അവൾക്ക് ആവശ്യമായ എല്ലാ കൃപാവരങ്ങളുടെ ഉറവയും (SC.10) എന്നാണ്. ഈ കാരണത്താൽ ആണ് വി. കുർബാനയ്ക്ക് മുൻപോ പിൻപോ ഒരു തിരുക്കർമ്മവും നടത്തുവാൻ പാടില്ലായെന്ന് രൂപതാധ്യക്ഷന്മാർ നിഷ്ക്കർഷിച്ചിരിക്കുന്നത്. ഈശോമിശിഹായിൽ ഉള്ള നമ്മുടെ വിശ്വാസം പ്രകടമാക്കേണ്ടത് വിശുദ്ധ കുർബാന വിശ്വാസത്തോടെ അർപ്പിച്ചുകൊണ്ടാണ്. കത്തോലിക്കാസഭയെ സംബന്ധിച്ചിടത്തോളം വിശ്വാസം എന്നത് ഏതാനും സത്യങ്ങൾ ബുദ്ധിയുടെ തലത്തിൽ നിന്നുകൊണ്ട് അംഗീകരിക്കുകയല്ല, മറിച്ച് പൂർണ്ണ സമർപ്പണവും അനുസരണവുമാണ്. വിശ്വാസത്തെപ്പറ്റി വത്തിക്കാൻ കൗൺസിൽ ഇങ്ങനെ പഠിപ്പിക്കുന്നു: അനുസരണം വഴി മനുഷ്യൻ തന്റെ ബുദ്ധിയും മനസ്സും ദൈവത്തിന് പൂർണ്ണമായി അടിയറവയ്ക്കുകയും ദൈവിക വെളിപാട് ഹൃദയപൂർവ്വം അംഗീകരിക്കുകയും അങ്ങനെ തന്നെത്തന്നെ സ്വമനസ്സാ അവിടുത്തേക്ക് മുഴുവനായി സമർപ്പിക്കുകയും ചെയ്യുന്നു (DV.5). ഇതേപോലെയുള്ള വിശ്വാസമാണ് വിശ്വസ്തത എന്നുപറയുന്നത്.



വിശ്വാസികളുടെ പിതാവായി അബ്രാഹത്തെയും വിശ്വാസത്തിന്റെ പരിപൂർണ്ണ മൂർത്തീഭാവമായി പരിശുദ്ധ അമ്മയേയും സഭ ഉയർത്തിക്കാട്ടുന്നു (CCC. 144). അവർ രണ്ടു പേരും അനുസരണം വഴി തങ്ങളേയും തങ്ങൾക്കുള്ളവയേയും പൂർണ്ണമായും ദൈവത്തിന് സമർപ്പിച്ചവരാണ്. ഇവരുടെ മനോഭാവത്തോടെ വിശുദ്ധ കുർബാനയെ സമീപിക്കുമ്പോഴാണ് വിശുദ്ധ കുർബാനയിൽ വിശ്വാസം ഉണ്ടെന്നു പറയുവാൻ സാധിക്കുക. ഒരു വ്യക്തിക്ക് ഒരു ജീവിത പങ്കാളിയോടു മാത്രമേ വിശ്വസ്തത പുലർത്തുവാൻ സാധിക്കൂ. ഇതിന്റെ അടിസ്ഥാനം ഒരു വ്യക്തിക്ക് തന്റെ ജീവിത പങ്കാളിയോടുള്ള സ്നേഹമാണ്. ആ സ്നേഹത്തിൽ നിന്നുകൊണ്ട് തന്റെ പങ്കാളിയിൽ നിന്നു ലഭിക്കുന്ന സന്തോഷവും പരിഗണനയും മാത്രം തനിക്കു മതി എന്ന തീരുമാനമാണ് വിശ്വസ്തത. പരമോന്നതവും പരിപൂർണ്ണവുമായ ദൈവാരാധനയായ പരിശുദ്ധ കുർബാനയിൽ വിശ്വസിക്കുന്നവർ അതിൽ നിന്നും ലഭിക്കുന്ന അനുഗ്രഹങ്ങൾകൊണ്ട് തൃപ്തി അടയണം. കാരണം നമ്മുടെ ആവശ്യങ്ങൾ നമ്മേക്കാൾ മുൻപേ അറിയുന്നവനിൽ നിന്നാണ് (മത്താ.6:32) അവ വരുന്നത്. അവൻ നമ്മുടെ ഏതെങ്കിലും ആഗ്രഹം നടത്തി തരുന്നില്ലായെങ്കിൽ അത് ആത്യന്തികമായി നമുക്ക് ആവശ്യമില്ലാത്തതുകൊണ്ടോ കൂടുതൽ മെച്ചമായത് പിന്നീട് തരുവാൻ വേണ്ടിയോ ആയിരിക്കും. നമ്മൾ അവനോട് വിശ്വസ്തത പുലർത്തിയാൽ അവൻ നമ്മളെ വലിയ കാര്യങ്ങൾ ഏല്പിക്കും (മത്താ. 25:20-23; യോഹ. 21:15-16). (തുടരും...)







**ജിസാ കൂട്ടിയാനിക്കൽ**

മൂന്ന് മാസങ്ങൾക്കുമുമ്പ്, ചൂടേറിയ ഒരു സായാഹ്നം; പ്രതീക്ഷിക്കാതെ, മാനം പെട്ടെന്ന് ഇരുണ്ടുമൂടി, എവിടെ നിന്നോ വന്ന തണുത്ത കാറ്റ് കറുത്ത മേഘങ്ങളെ തൂത്തുകൂട്ടി, സൂര്യൻ എവിടെയോ ഒളിച്ചു. കറുത്ത മാനത്തു കൂടി തെന്നിനീങ്ങുന്ന വെള്ളി രേഖകൾ, ഇടിമുഴക്കം ഭൂമിയെ പ്രകമ്പനം കൊള്ളിച്ചു. തൊട്ടു പിന്നാലെ കോരിച്ചൊരിയുന്ന മഴ, തുള്ളിക്കൊരു കുടം എന്നപോലെ. ഒരല്പം പേടിയോടെ ജനാലയ്ക്കുള്ളിലൂടെ ഞാനീ കാഴ്ച നോക്കിനിന്നു. ഏകദേശം അരമണിക്കൂർ കഴിഞ്ഞുകാണും, തന്റെ കലി അടങ്ങിയതുപോലെ മഴ ശമിക്കാൻ തുടങ്ങി, അല്പംകൂടി കഴിഞ്ഞപ്പോൾ, മാനം തെളിഞ്ഞു. കിളികൾ വീണ്ടും പാടാൻ തുടങ്ങി, സൂര്യൻ മേഘപാളികൾക്കിടയിലൂടെ പുഞ്ചിരിച്ചു.

പെട്ടന്നൊരു സന്തോഷാരവം കേട്ട് ഞാൻ മുറ്റത്തേയ്ക്കിറങ്ങി. എല്ലാവരും ആകാശം നോക്കി നില്ക്കുന്നു. അവിടെ കണ്ട കാഴ്ച എന്നെ അത്ഭുതപ്പെടുത്തി. കാർമേഘം നീങ്ങിയ മാനത്ത് മനോഹരമായ രണ്ടു മഴവില്ലുകൾ!! താണ്ഡവനൃത്തം ആടിയ മഴയുടെ ബാക്കി പത്രം.

പെട്ടെന്ന് എന്റെ മനസ്സിലേക്കു വന്നത് മറ്റൊരു മഴചിത്രം ആയിരുന്നു. നോഹയുടെ കാലത്ത് 40 രാവും, 40 പകലും പെയ്തിറങ്ങിയ മഹാമാരി. ഭൂമുഖത്തെ സർവ്വ ജീവജാലങ്ങളെയും തുടച്ചുനീക്കിയ ആ മഹാമാരിക്ക് ശേഷം, ദൈവം ആകാശത്ത് തന്റെ വില്ലു സ്ഥാപിക്കുന്നു (ഉല്പ 9,13). സ്വർഗവും ഭൂമിയും രമ്യപ്പെട്ട, സ്നേഹഉടമ്പടിയുടെ വലിയ ഓർമ്മ. "മേഘങ്ങളിൽ മഴവില്ലു തെളിയുമ്പോൾ ഭൂമുഖത്തുള്ള എല്ലാ ജീവജാലങ്ങളുമായി ചെയ്ത എന്നേയ്ക്കുമുള്ള ഉടമ്പടി ഞാനോർക്കും, ഭൂമുഖത്തുള്ള സകല ജീവികളുമായി ഞാൻ സ്ഥാപിക്കുന്ന ഉടമ്പടിയുടെ അടയാളം ഇതായിരിക്കും" (ഉല്പ 9,16-17).

നമ്മുടെ ഓരോരുത്തരുടെയും വ്യക്തി ജീവിതത്തിലും, ദൈവം ഈ മഴവില്ലു വിരിയിക്കുന്നുണ്ട്. ജീവിതത്തിൽ പെട്ടെന്നുണ്ടാകുന്ന തകർച്ചകളും വേദനകളും സാമ്പത്തികപ്രതിസന്ധികളും അകാല മരണങ്ങളും എന്നുവേണ്ട, ജീവിതത്തിലേക്ക് മഹാമാരി പെയ്തിറങ്ങുന്ന അനുഭവങ്ങൾ നിരവധിയാണ്. കനത്ത ഇരുളും ഭയവും മാത്രം നിലനില്ക്കെ നാം പകച്ചു പോകാറുണ്ട്. എന്റെ ദൈവമേ, എന്തുകൊണ്ട് എന്റെ ജീവിതത്തിൽ മാത്രം ഇങ്ങനെ? എന്നാൽ അഗ്നിയിലുരുകുന്ന സ്വർണത്തിന് മാറ്റുകൂടുന്നതുപോലെ, എരിതീയിൽ ഉരുകുന്ന ഇരുമ്പ് മർദ്ദനമേൽക്കുമ്പോൾ കൂടുതൽ ബലമേറിയ ആയുധമായിത്തീരുന്നതുപോലെ, മണ്ണിൽ വീണഴിയുന്ന വിത്ത് നൂറുമേനി ഫലം പുറപ്പെടുവിക്കുന്നതുപോലെ, അഗ്നിയിലുരുകുന്ന കർപ്പൂരം സുഗന്ധം പുറപ്പെടുവിക്കുന്നതുപോലെ, (ഉയിർപ്പുകാലം വെള്ളി, ലെലിയാ) സഹനത്തിലൂടെ കടന്നുപോകുന്ന മനുഷ്യൻ, തന്റെ ജീവിതത്തിന്റെ അശുദ്ധി നീങ്ങി, കൂടുതൽ വിശുദ്ധിയുള്ളവാക്കുന്നു. അവിടെയാണ് തന്റെ ജീവിതത്തിലെ ഈ സഹനങ്ങൾക്കിടയിൽ ദൈവം വിരിയിക്കുന്ന സ്നേഹത്തിന്റെ മഴവില്ലു കാണാൻ അവന് സാധിക്കുന്നത്.

# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ



**റോസ് മേരി കുസ്മോസ്**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ഒന്നാം ദിവ്യരഹസ്യം:** പരിശുദ്ധ ദൈവമാതാവേ, പന്തക്കുസ്താ തിരുനാളിൽ ശ്ലീഹന്മാരുടെമേൽ ആവസിച്ച ദിവ്യാരൂപിയെ ഇന്ന് ഞങ്ങളിലേക്കും അയച്ചുകൊണ്ട്, ഭീരുക്കളായിരുന്ന ശിഷ്യന്മാർ തീക്ഷ്ണതയോടെ സുവിശേഷം പ്രസംഗിച്ചതുപോലെ മിശിഹായ്ക്കു സജീവ സാക്ഷ്യംവഹിക്കുന്ന പ്രേഷിതരാക്കി ഞങ്ങളെയും മാറ്റണമേ എന്ന് അങ്ങയുടെ മാദ്ധ്യസ്ഥ്യം വഴി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**രണ്ടാം ദിവ്യരഹസ്യം:** പരിശുദ്ധ ദൈവമാതാവേ, സുവിശേഷപ്രഘോഷണത്തിനുണ്ടായ എല്ലാ പ്രതിബന്ധങ്ങളെയും ക്ലേശങ്ങളെയും അതിജീവിച്ച്, ജീവൻ ബലി നൽകിയും സഭയെ വളർത്തിയ ശ്ലീഹന്മാരെപ്പോലെ ഞങ്ങളുടെ ജീവിതംകൊണ്ട് മിശിഹായ്ക്ക് സാക്ഷ്യംവഹിച്ച് വിശുദ്ധിയിൽ വളർന്നുകൊണ്ട് തിരുസ്സഭയെ പണിതുയർത്താൻ ഞങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കണമേ.

**മൂന്നാം ദിവ്യരഹസ്യം:** പരിശുദ്ധ ദൈവമാതാവേ, സെഹിയോൻ മാളികയിൽ യഹൂദരെ ഭയന്ന് പ്രാർത്ഥനാനിരതരായിരുന്ന ശ്ലീഹന്മാരൊടൊന്നായിരുന്നുകൊണ്ട് അവർക്ക് ആശ്രയമായി അവരെ ധൈര്യപ്പെടുത്തിയ അങ്ങ് ഞങ്ങളുടെ ജീവിത്തിലെ ഭയങ്ങളിലും ഞങ്ങളോടൊപ്പമുണ്ടാകണമേ. ശക്തിദായകനായ ദിവ്യാരൂപിയാൽ ഞങ്ങളുടെ ഹൃദയങ്ങൾ നിറയപ്പെടുവാൻ ദൈവപിതാവിനോടു പ്രാർത്ഥിക്കണമേ.

**നാലാം ദിവ്യരഹസ്യം:** പരിശുദ്ധ ദൈവമാതാവേ, അങ്ങേ തിരുസുതന്റെ മൗതിക ശരീരമായ തിരുസഭയിലെ അംഗങ്ങളായ ഞങ്ങൾ അനുദിന കൗദാശിക ജീവിതത്തിലൂടെ ദൈവവരപ്രസാദത്താൽ നിറഞ്ഞ് തിരുസഭയുടെ യഥാർത്ഥ അംഗങ്ങളായി, ദൈവത്തിനേറ്റം ഇഷ്ടപ്പെട്ട മക്കളായി ജീവിക്കുവാനുള്ള കൃപാവരത്തിനായി അമ്മേ പ്രാർത്ഥിക്കണമേ.

**അഞ്ചാം ദിവ്യരഹസ്യം:** പരിശുദ്ധ ദൈവമാതാവേ, അങ്ങേ തിരുസുതന്റെ മുന്തിരിവയലിലേക്ക് വേലക്കാരായി വിളിക്കപ്പെട്ട ഓരോ സമർപ്പിതർക്കുവേണ്ടിയും ഞങ്ങൾ പ്രാർത്ഥിക്കുന്നു. അവരുടെ ജീവിതം തന്നെ സുവിശേഷപ്രഘോഷണമാക്കാൻ അവർക്കുവേണ്ടി അമ്മ പ്രാർത്ഥിക്കണമേ. അങ്ങയുടെ വയലുകളിലേക്ക് അങ്ങേയ്ക്കായി വേലചെയ്യാൻ തീക്ഷ്ണതയുള്ള അനേകം ആത്മാക്കളെ നൽകി തിരുസഭയെ സമ്പന്നമാക്കണമേ എന്ന് അവിടുത്തെ മാദ്ധ്യസ്ഥ്യം വഴി ഞങ്ങൾ പ്രാർത്ഥിക്കുന്നു.




വിചാരണ



# less facebook

ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ

ഫ്രണ്ട്സ് റിക്വസ്റ്റിന്റെ കൺഫേം ബട്ടണിൽ ക്ലിക് ചെയ്തതോടെ അവൻ എന്റെ ആയിരത്തി അറുനൂറ്റി മൂന്നാമത്തെ കൂട്ടുകാരനായി. പ്രൊഫൈലിൽ അവന്റെ മുഖത്തിന്റെ സ്ഥാനത്തിരുന്ന് തമിഴ് സിനിമാതാരമായ വിജയ് സ്റ്റൈലായിട്ട് ചിരിക്കുന്നു. പേരും ജോലിസ്ഥലവും പ്രായവും ആരുടേതെന്നറിയില്ല. അഡ്രസ്സും സ്വന്തമാണോ എന്നുറപ്പില്ല. പക്ഷേ ചങ്ങാതിയാക്കിയതിന് നന്ദി പറഞ്ഞുകൊണ്ടുള്ള മറുപടി താമസിക്കാതെ കിട്ടി. മുഖമില്ലാത്ത ചങ്ങാതിക്കൂട്ടത്തിലേക്ക് ഒരാൾകൂടി ചേർന്നിരിക്കുന്നു. ആയിരത്തി അറുനൂറ്റി മൂന്ന് കൂട്ടുകാരിൽ നേരിൽ പരിചയമുള്ളവർ പത്തു ശതമാനം മാത്രം. മറ്റൊരു മുപ്പതു ശതമാനം നേരിൽ പരിചയമില്ലെങ്കിലും ഒറിജിനലാണെന്നു വിശ്വസിക്കാവുന്നവർ. ബാക്കി അറുപതു ശതമാനം ഒറിജിനലാണോ ഡ്യൂപ്ലിക്കേറ്റാണോ, ആണാണോ പെണ്ണാണോ എന്നൊന്നും യാതൊരു ഉറപ്പുമില്ലാത്തവർ!!


കൂട്ടുകാരുമൊത്ത് മലകേറി നടക്കുന്നതും കൂട്ടുകാരന്റെ ചോറ്റുപാത്രത്തിൽ പങ്കുപറ്റുന്നതും സന്ധ്യയായാലും കൂട്ടുകാരെ പിരിഞ്ഞ് തിരിച്ചു വീട്ടിൽ കേറാൻ മടി തോന്നുന്നതുമൊക്കെ പണ്ട് മതിലുകൾ തീർക്കാത്ത കുടുംബങ്ങളിലെ മക്കളുടെ സ്വർഗാനുഭവങ്ങളായിരുന്നു. ക്രമേണ വീടിനുചുറ്റും മതിലുകളുയർത്തി ബന്ധങ്ങൾ കുടുംബത്തിലൊതുക്കാനുള്ള ശ്രമമായി. അപ്പനും അമ്മയുമായി മക്കളുടെ കൂട്ടുകാരനും കൂട്ടുകാരിയും. അപ്പൻ അപ്പന്റെ സ്ഥാനത്തിരിക്കാത്തതിന്റെ ദുരന്തം അവിടെ ആരംഭിച്ചു. വീണ്ടും കാലം മുമ്പോട്ടുതന്നെ പോയി. മതിലുകെട്ടി തടുത്തുനിറുത്തിയ ബന്ധങ്ങൾ വീണ്ടും ചുരുങ്ങി മുറിയുടെ നാല് ഭിത്തികൾക്കുള്ളിലായി. അടുത്ത മുറിയിലെ കൂടപ്പിറപ്പുമായുള്ള ബന്ധം സെൽഫോണിൽക്കൂടിയും.

അങ്ങനെ മുറിയിൽ സ്വയം പൂട്ടപ്പെട്ടവർ മറ്റൊരു വിശാലലോകത്തിലേക്ക് ലോഗിൻ ചെയ്യുകയാണിന്ന്. ഇന്റർനെറ്റ് എന്ന ഇലക്ട്രോണിക് വലയിൽ കുരുക്കപ്പെട്ടതായിത്തീരുന്നു അവരുടെ ജീവിതം. അവിടെയും ബന്ധങ്ങൾ ഉണ്ട്. ഒരു പക്ഷേ മതിലുകളില്ലാത്ത വീടുകൾക്കു സാധിക്കുന്നതിലും വിശാലമായ ബന്ധങ്ങൾ! വേലിക്കല്ലുകൾ സ്ഥാപിക്കാൻ കഴിയാത്ത ലോകമാണല്ലോ ഇന്റർനെറ്റിനുള്ളത്. പക്ഷേ ആ ബന്ധങ്ങൾ നിഴലുകൾ തമ്മിലുള്ള ബന്ധങ്ങളാണ്. മുഖമില്ലാത്ത മനുഷ്യർ തമ്മിലുള്ള ബന്ധം. ജീവിതംതന്നെ നിഴൽനാടകമായി മാറുകയാണ് പലപ്പോഴും. ആത്മാവില്ലാത്ത കൂട്ടായ്മകളും ചാറ്റിംഗുകളും കൊണ്ട് ജീവിതം ധന്യമാക്കാനുള്ള പാഴ്ശ്രമങ്ങൾ ഒത്തിരിയുണ്ട്; അതിന്റെ ദുരന്തഫലങ്ങളും.
ഹൃദയത്തെ തൊട്ടിരുന്ന ആത്മബന്ധങ്ങളിൽനിന്ന് കപടതയുടെയും ഉപരിപ്ലവതയുടെയും ഹായ് പൂയ് ബന്ധങ്ങളിലേക്ക് കൂട്ടുചേർക്കപ്പെട്ടതിന്റെ ദുരന്തങ്ങൾ...

ലോഗ് ഔട്ട് ചെയ്യാൻ സമയമായി, ഇന്റർനെറ്റ് കൂട്ടായ്മയിൽനിന്ന്, മുറിയിൽനിന്ന്, മതിൽക്കെട്ടിനുള്ളിൽനിന്ന്. പുറത്തുവന്നാലേ ബന്ധത്തിന്റെ ഊഷ്മളതയും അതിന്റെ ജീവചൈതന്യവും അനുഭവിക്കാൻ കഴിയൂ. ശ്ലീഹാക്കാലം ബന്ധങ്ങളുടെ, കൂട്ടായ്മയുടെ, പങ്കുവയ്ക്കലിന്റെ കാലമാണ്. അതാണ് അപ്പസ്തോലന്മാരുടെ ജീവിതം ചരിത്രത്തിൽ കുറിച്ചുവച്ചിരിക്കുന്ന സത്യം.അതിലേയ്ക്കെത്തേണ്ടതാണ് നമ്മുടെ ജീവിതം...

അതാ മറ്റൊരു ഫ്രണ്ട്സ് റിക്വസ്റ്റിന്റെ മണിശബ്ദം കമ്പ്യൂട്ടറിൽ. അതാരാണെന്നു ഞാനൊന്നു നോക്കട്ടെ.

“ഇതാകുന്നു ദൈവഹിതം - നിങ്ങളുടെ വിശുദ്ധീകരണം”
(1 തെസ 4,3).



ദൈവദാസൻ
ബിഷപ് വില്യം ജകീന്താ

## ആദരണീയനായ സഭാസ്നേഹി

പിതാവ് തന്റെ മെത്രാഭിഷേക വാർഷികദിനത്തിൽ പറഞ്ഞു: “എനിക്കു സ്വന്തമെന്നു പറയാനുള്ളത് മെത്രാനായി അഭിഷേചിച്ചപ്പോൾ തിരുസ്സഭ തന്നെ അണിയിച്ച മോതിരമാണ്. ഈ മോതിരം സഭ തന്നെ വധുവാക്കിയതിന്റെ വിവാഹമോതിരമാണ്” എന്ന്. സഭയിൽ, തന്റെ പൗരോഹിത്യ മെത്രാൻ ദൗത്യങ്ങളിൽ നിരവധിയായ പ്രതിസന്ധികൾ തരണം ചെയ്യേണ്ടിവന്നപ്പോഴും സഭയെപ്പറ്റിയോ സഭാധികാരികളെപ്പറ്റിയോ ഒരിക്കൽപോലും സ്നേഹാദരവില്ലാതെ സംസാരിച്ചിട്ടില്ല. സഭയുടെ വേദനയും അസ്വസ്ഥതയുമെല്ലാം സ്വന്തം വേദനയും അസ്വസ്ഥതയുമായി തീരുകയായിരുന്നു. രോഗാധിക്യത്താൽ ക്ഷീണിതനായി കണ്ണുകൾ തുറക്കുവാനോ, നാവ് ചലിപ്പിക്കുവാനോ, ചുണ്ട് അനക്കുവാനോ ശക്തിയില്ലാതായപ്പോഴും തന്റെ സഭാജീവിതത്തിലും പൗരോഹിത്യ ജീവിതത്തിലും വിശ്വസ്തതാപൂർവ്വം അനുധാവനം ചെയ്ത കാനോന നമസ്കാരപുസ്തകം തന്റെ മാറോട് ചേർത്തുപിടിച്ചു കിടക്കുന്ന കാഴ്ച സഭയോടുള്ള ഒട്ടിച്ചേരലിനെയാണ് അനുസ്മരിപ്പിക്കുന്നത്. ആരാധനക്രമാധിഷ്ഠിത ജീവിതം പിതാവിന്റെ ജീവിത ശൈലിയായിരുന്നു. വിവിധ സഭയുടെ പ്രത്യേകിച്ച് സീറോ മലബാർ സഭയുടെ ആരാധനക്രമവും ആധ്യാത്മികചൈതന്യവും പഠിക്കുവാനും മനസ്സിലാക്കുവാനും പിതാവ് താല്പര്യം കാണിച്ചിരുന്നു.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

**For private circulation only**

ശ്ലീഹന്മാർ തൻ സന്ദേശങ്ങൾ
താഴ്മയൊടെന്നും ധ്യാനിപ്പാനും
സുവിശേഷത്തിൻ പാതയിലൂടെ
അടിപതറാതെ നടന്നീടാനും
അവസാനംവരെ നിലനില്പാനും
അനവരതം വരമരുളുക നാഥാ
(ശ്ലീഹാക്കാലം, ചൊവ്വ-ലെലിയ)



പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്